# കേരള നിയമസഭ
# 06.01.2014–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം
2014 ജനുവരി 6, തിങ്കൾ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ– 340)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| മുഖ്യമന്ത്രി | 1 മുതൽ 130 വരെ |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | 131 മുതൽ 171 വരെ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | 172 മുതൽ 318വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | 319 മുതൽ 340 വരെ |

<u>സംസ്ഥാനത്തെ ഭരണ രീതി സംബന്ധിച്ച് യു.എൻ.ഡി.പി യുടെ അഭിപ്രായങ്ങൾ</u>

1 ശ്രീ. കെ. മുരളീധരൻ
,, ഹൈബി ഈഡൻ
,, പി. എ. മാധവൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനങ്ങളെ നേരിൽ കണ്ട് അവരുടെ പ്രയാസങ്ങൾ പരിഹരിക്കുകയും അവരിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്ന സംസ്ഥാനത്തെ ഭരണരീതിക്ക് ഐക്യരാഷ്ട്രസഭയുടെ പുരസ്ക്കാരം ലഭിച്ചിട്ടുണ്ടോ;

(ബി) ആയത് സംബന്ധിച്ച് യു.എൻ.ഡി.പിയുടെ അഭിപ്രായങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഭരണ രീതി പഠന വിധേയമാക്കുവാൻ യു.എൻ.ഡി.പി തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>ഭരണത്തിന്റെ മികവിന് ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ</u>

2 ശ്രീ. ബെന്നി ബെഹനാൻ
'' പി. സി. വിഷ്ണുനാഥ്
'' പി. എ. മാധവൻ
'' കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭരണത്തിന്റെ മികവിന് സംസ്ഥാനത്തിന് ദേശീയതലത്തിലും അന്തർദേശീയതലത്തിലും അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം രംഗങ്ങളിലാണ് ശ്രദ്ധേയമായ നേട്ടങ്ങളും അംഗീകാരവും ലഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം മേഖലകളിലാണ് കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ മികവ് കൈവരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത മികവ് മറ്റ് രംഗങ്ങളിലും നേടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിനുള്ള
മാനദണ്ഡങ്ങളും സാഹചര്യങ്ങളും

3 ശ്രീ. എൻ. എ. നെല്ലിക്കുന്ന് .
,, പി. ഉബൈദുള്ള.
,, എം. പി. അബ്ദുസ്സമദ് സമദാനി
,, പി. കെ. ബഷീർ.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറി ആക്ട് പ്രകാരം ജൂഡീഷ്യൽ അന്വേഷണം നടത്തുന്നതിനുള്ള മാനദണ്ഡങ്ങളും സാഹചര്യങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ പ്രസ്തുത നിയമപ്രകാരം അന്വേഷണത്തിന് ഉത്തരവായിട്ടുള്ള ഏതെല്ലാം വിഷയങ്ങളുണ്ടെന്ന് വിശദമാക്കുമോ; പ്രസ്തുത അന്വേഷണം നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണോയെന്ന് വ്യക്തമാക്കുമോ;

(സി) സൗരോർജ്ജ തട്ടിപ്പിനെക്കുറിച്ചുമാത്രം ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിനിടയായ ഔചിത്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ സാഹചര്യം വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് നടക്കുന്ന തട്ടിപ്പുകളെയും അവയിലേയ്ക്ക് നയിക്കുന്ന സാഹചര്യങ്ങളെയും അതിനുള്ള പ്രതിവിധികളെയും കുറിച്ച് അന്വേഷിക്കുന്നതിനും സുവ്യക്തവും പ്രായോഗികവുമായ ശുപാർശകൾ സമർപ്പിക്കുന്നതിനും സഹായകരമായവിധത്തിൽ നിലവിലെ കമ്മീഷന്റെ അന്വേഷണ പരിധി വിപുലപ്പെടുത്തുമോ ?

# കേരള നിയമസഭ
# 06.01.2014–ലെ മറുപടിക്ക്

എ. പി. എൽ – ബി. പി. എൽ പട്ടിക തയ്യാറാക്കുന്നതിന് അനുവർത്തിക്കുന്ന മാനദണ്ഡങ്ങൾ

4 ശ്രീ. ബി. സത്യൻ
,, എസ്. ശർമ്മ
,, ബി. ഡി. ദേവസ്സി
,, കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എ. പി. എൽ, ബി. പി. എൽ പട്ടിക തയ്യാറാക്കുന്നതിന് അനുവർത്തിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; പട്ടികയെ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനുള്ള നിലവിലുള്ള സംവിധാനം എന്താണ്;

(ബി) പ്രസ്തുത സംവിധാനം ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത സംവിധാനം ഫലപ്രദമാണെങ്കിൽ ആയതു സംബന്ധിച്ച പരാതികൾ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ഉന്നയിക്കപ്പെടുവാനുള്ള സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; മുഖ്യമന്ത്രിയുടെ വിവേചനാധികാരം വിനിയോഗിച്ചത് ഏതെങ്കിലും മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലായിരുന്നുവോ; എങ്കിൽ എന്തായിരുന്നു;

(ഡി) ഇത്തരത്തിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; അവയിൽ എത്രയെണ്ണത്തിന് തീർപ്പുകൽപിച്ചു; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഇ) എ. പി. എൽ. കാർഡ് ബി. പി. എൽ –ലേക്ക് മാറ്റി കിട്ടുന്നതിന് ജനസമ്പർക്ക പരിപാടിയിൽ അപേക്ഷ നൽകിയവരിൽ എത്ര പേർ നിലവിലുള്ള സംവിധാനം മുഖേന അപേക്ഷ നൽകിയിരുന്നവരായിരുന്നു; അവരുടെ അപേക്ഷ നിരസിക്കാനുള്ള കാരണം നിയമാനുസൃതമായിരുന്നോ; എങ്കിൽ നിയമവിരുദ്ധമായി അപേക്ഷ നിരസിച്ച എത്ര ഉദ്യോഗസ്ഥന്മാരുടെ പേരിൽ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടായിരുന്നു;

(എഫ്) ചട്ടങ്ങളിലെ തടസ്സം കൊണ്ടാണ് ഉദ്യോഗസ്ഥർ അപേക്ഷകൾ നിരസിച്ചിരുന്നതെങ്കിൽ, ചട്ടങ്ങൾ പൊതുവായി മാറ്റി ഉദ്യോഗസ്ഥർക്കു തന്നെ തീരുമാനം എടു

## കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

ക്കാൻ കഴിയുന്ന സ്ഥിതി ഉളവാക്കാതെ അപേക്ഷകരെയെല്ലാം ജനസമ്പർക്ക പരിപാടിയിലേയ്ക്ക് വിളിച്ചുവരുത്തിയ സാഹചര്യം എന്താണ് എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>മലയാളഭാഷാ പരിജ്ഞാനം നിർബന്ധമാക്കാൻ നടപടി</u>

5 ശ്രീ.റ്റി. എൻ പ്രതാപൻ
,, സി. പി. മുഹമ്മദ്
,, ലൂഡി ലൂയിസ്
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജോലികൾക്കായി ഉദ്യോഗാർത്ഥികൾക്ക് മലയാളഭാഷാ പരിജ്ഞാനം നിർബന്ധമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) മലയാളഭാഷയിൽ പരിജ്ഞാനം ഇല്ലാത്ത ഉദ്യോഗാർത്ഥികൾക്ക് ഭാഷാപരിജ്ഞാനം ലഭിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം വിഭാഗക്കാർക്കാണ് ഈ വ്യവസ്ഥകളിൽ ഇളവ് വരുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ബന്ധപ്പെട്ട സർവ്വീസ് ചട്ടങ്ങളിൽ ഇതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന് പ്രത്യേക പാക്കേജ്</u>

6 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന് ആയിരം കോടി രൂപയുടെ പ്രത്യേക പാക്കേജ് അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടായിരുന്നോ; ആയതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ആയതിനായി ആർക്കെല്ലാം നിവേദനം നല്കുകയുണ്ടായിട്ടുണ്ട്; കേന്ദ്ര സർക്കാരിന് സമർപ്പിച്ച പാക്കേജിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രത്യേക പാക്കേജ് കേന്ദ്ര സർക്കാർ അംഗീകരിക്കുകയുണ്ടായോ; ആയതിന്റെ ഭാഗമായി ഇതിനകം എന്തു തുക ലഭിച്ചു?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

സർക്കാർ ആഫീസുകൾ നിർത്തലാക്കുന്നതിനുള്ള നടപടിക്രമം

7 ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാറിന്റെ ഏതെല്ലാം വകുപ്പുകളിലെ ഏതെല്ലാം ആഫീസുകളും തസ്തികകളും നിർത്തലാക്കാൻ ഉദ്ദേശിക്കുന്നു;

(ബി) ഇതിനായി നടത്തിയിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) ഇത് വഴി വർഷം തോറും സർക്കാർ പ്രതീക്ഷിക്കുന്ന സാമ്പത്തിക ലാഭം സംബന്ധിച്ച് വിശദമാക്കാമോ;

(ഡി) നിറുത്തലാക്കുന്ന വകുപ്പുകളിലെ സംവിധാനങ്ങളെയും, ജീവനക്കാരെയും മറ്റേതെല്ലാം വകുപ്പിൽ വിനിയോഗിക്കാനുദ്ദേശിക്കുന്നു എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളെ വെടിവെച്ച് കൊലപ്പെടുത്തിയ കേസിന്റെ നിലവിലെ സ്ഥിതി</u>

8 ശ്രീ. പി. കെ. ഗുരുദാസൻ
,, സി. കൃഷ്ണൻ
,, സി.കെ. സദാശിവൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇറ്റാലിയൻ കപ്പൽ എന്റിക്കാ ലെക്സിയിലെ നാവികർ രണ്ടു മത്സ്യത്തൊഴിലാളികളെ വെടിവെച്ചു കൊലപ്പെടുത്തിയ പശ്ചാത്തലത്തിൽ കടലിൽ സുരക്ഷാസംവിധാനം ഏർപ്പെടുത്തുമെന്നു മുഖ്യമന്ത്രി അടിയന്തിര പ്രമേയത്തിനുള്ള മറുപടിയായി സഭയ്ക്ക് നൽകിയ ഉറപ്പ് പാലിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) എൻ.ഐ.എ ഏറ്റെടുത്ത പ്രസ്തുത കൊലപാതകക്കേസിന്റെ ഇന്നത്തെ സ്ഥിതി വിശദീകരിക്കുമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതിയ്ക്കായി ചെലവഴിച്ചിട്ടുള്ള തുക</u>

9 ശ്രീ.സണ്ണി ജോസഫ്
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. റ്റി. ബൽറാം
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗികവസതി മോടിപിടിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ടെലിഫോൺ, അതിഥി സൽക്കാരം, യാത്രാബത്ത എന്നീ ഇനങ്ങളിൽ ചെലവായ തുക എത്രയാണെന്ന് വിശദമാക്കുമോ;

(സി) ഔദ്യോഗിക വസതിയിൽ സാധനസാമഗ്രികൾ വാങ്ങുന്നതിന് ചെലവായ തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രതിപക്ഷ നേതാവിന്റെ പേഴ്സണൽ സ്റ്റാഫിൽ നിന്ന് ആരെയെല്ലാം ഒഴിവാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

എം.എൽ.എ മാർ നൽകുന്ന പരാതികളിൻമേൽ സ്വീകരിച്ച നടപടി

10 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ മാർ നേരിട്ടും കത്തു മുഖേനയും നൽകുന്ന പരാതികൾക്കും നിവേദനങ്ങൾക്കും സമയബന്ധിതമായി മറുപടി നൽകുന്നതിനും തീർപ്പുകൽപിച്ച് വിവരം അറിയിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പല വകുപ്പുകളിൽ നിന്നും ഓഫീസുകളിൽ നിന്നും ഫയലിൽ സ്വീകരിച്ച നടപടികളും തീർപ്പുകളും സംബന്ധിച്ച വിവരം എം.എൽ.എ മാരെ അറിയിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എം.എൽ.എ മാരുടെ കത്ത് മുഖേന നൽകുന്ന എല്ലാ കത്തിടപാടുകളിലും സ്വീകരിച്ച നടപടികൾ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ നൽകുന്നതിന് വകുപ്പ് മേധാവികൾക്ക് കർശന നിർദ്ദേശം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഫയൽ സംബന്ധിച്ച സ്ഥിതി വിവരങ്ങൾ എസ്.എം.എസ് മുഖേന എം.എൽ.എ മാരേയും പി.എ മാരെയും അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>ജനസമ്പര്‍ക്ക പരിപാടിയുടെ രണ്ടാംഘട്ടം</u>

11 ശ്രീ. തേറമ്പില്‍ രാമകൃഷ്ണന്‍
,, കെ. മുരളീധരന്‍
,, റ്റി. എന്‍. പ്രതാപന്‍
,, ആര്‍. സെല്‍വരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജനസമ്പര്‍ക്ക പരിപാടിയുടെ രണ്ടാംഘട്ടം പൂര്‍ത്തിയായിട്ടുണ്ടോ;

(ബി) പ്രസ്തുത പരിപാടിയുടെ ഒന്നാംഘട്ടത്തില്‍ നിന്ന് വ്യത്യസ്തമായി എന്തെല്ലാം മാറ്റങ്ങളാണ് രണ്ടാംഘട്ടത്തില്‍ വരുത്തിയിട്ടുള്ളത്;

(സി) പരാതികള്‍ സ്വീകരിക്കാനും അവയ്ക്ക് പരിഹാരം കാണുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത പരാതികളിന്‍മേല്‍ വകുപ്പുതലത്തില്‍ എന്തെല്ലാം തുടര്‍നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>ജനസമ്പർക്ക പരിപാടിയുടെ തുടർനടപടി</u>

12 ശ്രീ. ജോസഫ് വാഴക്കൻ
,, ഹൈബി ഈഡൻ
,, വർക്കല കഹാർ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്ക പരിപാടിയുടെ തുടർനടപടിക്കായി അവലംബിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണന്ന് വിശദമാക്കാമോ;

(ബി) ആയതിനായി ജില്ലകൾ തോറും പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ആയതിന്റെ ചുമതലയും നേതൃത്വവും ആർക്ക് നൽകാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) ആയതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

ഒന്നാം ഘട്ട ജനസമ്പർക്ക പരിപാടി

13 ശ്രീ. വർക്കല കഹാർ
,, വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒന്നാം ഘട്ട ജനസമ്പർക്ക പരിപാടിയെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതുവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ജനസമ്പർക്ക പരിപാടി മുഖേന ലഭിക്കുന്ന പരാതികളിൽ പരിഹാരം കാണുവാൻ ഭരണപരമായ നടപടിക്രമങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പരിപാടിയുമായി ബന്ധപ്പെട്ട് എത്ര സർക്കാർ ഉത്തരവുകളാണ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>രണ്ടാംഘട്ട ജനസമ്പർക്ക പരിപാടി</u>

14 ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി
,, എൻ.എ. നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള
,, പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രണ്ടാംഘട്ട ജനസമ്പർക്ക പരിപാടി വിജയകരമായി പൂർത്തിയാക്കിയ സാഹചര്യത്തിൽ ജനകീയ പ്രശ്നങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ മനസ്സിലാക്കാനും, നടപ്പാക്കാനുമായ പ്രസക്തമായ കാര്യങ്ങൾ വിശദമാക്കാമോ;

(ബി) ആദ്യഘട്ട ജനസമ്പർക്ക പരിപാടിയിൽ നിന്നുള്ള അനുഭവ പാഠങ്ങൾ രണ്ടാംഘട്ടത്തിന്റെ ആസൂത്രണത്തിനും നടത്തിപ്പിനും എത്രത്തോളം സഹായകരമായി എന്നത് സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരിപാടിയിൽ പങ്കെടുത്ത ജനസഞ്ചയവും ലഭിച്ച പരാതികളുടെ ബാഹുല്യവും നൽകുന്ന സൂചനകൾ സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) ലഭിച്ച പരാതികളിന്മേൽ സമയബന്ധിതമായ തീർപ്പുണ്ടാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടി</u>

15 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വി. ഡി. സതീശൻ
,, എ. റ്റി ജോർജ്
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടി പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പരിപാടിയിലൂടെ കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം കാര്യങ്ങൾക്കാണ് പ്രസ്തുത പരിപാടിയിൽ പരിഹാരം കണ്ടെത്താനായത്; വിശദമാക്കുമോ;

(ഡി) രണ്ടാംഘട്ട ജനസമ്പർക്കപരിപാടിയിൽ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തടസ്സമായിട്ടുള്ള നിയമങ്ങളിലും ചട്ടങ്ങളിലും കൂടുതൽ മാറ്റങ്ങൾ വരുത്തേണ്ട കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയുടെ പ്രയോജനം</u>

16 ശ്രീ. എം. ചന്ദ്രൻ
'' എസ്. രാജേന്ദ്രൻ
'' എ. എം. ആരിഫ്
പ്രൊഫ. സി. രവിന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയുടെ പ്രയോജനം, ഇതിലെ അധിക ചെലവ്, അധികാര ദുർവിനിയോഗം, ക്രമക്കേടുകൾ എന്നിവയെക്കുറിച്ചുള്ള അക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവ വിശകലനം നടത്തിയോ; വിശദമാക്കാമോ;

(ബി) നീണ്ട ക്യൂ, ശയ്യാവലംബികളായവരുടെ കാത്തുകിടപ്പ്, മുഖ്യമന്ത്രിയെ മുഖം കാണിച്ചാലേ സഹായം ലഭിക്കുകയുള്ളുതുടങ്ങിയ ഒന്നാം ഘട്ടത്തിലെ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;അവയ്ക്ക് എന്ത് പരിഹാരം രണ്ടാം ഘട്ടത്തിലുണ്ടായി;

(സി) ഓൺലൈനിലും മറ്റ് നിലയിലും മുൻകൂട്ടി പരാതികൾ സ്വീകരിച്ചിരിക്കെ മുഖ്യമന്ത്രി നേരിൽകണ്ട് തന്നെ ഉത്തരവ് നൽകണം എന്ന് നിഷ്കർഷിച്ചിരുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ; ജനസമ്പർക്ക ദിനത്തിൽ മുഖ്യമന്ത്രിയെ കാണേണ്ടവരെ എസ്. എം. എസിലൂടെയും കത്തിലൂടെയും വെബ്സൈറ്റ് വഴിയും ക്ഷണിച്ചുവരുത്തുകയുണ്ടായോ;

(ഡി) രോഗികളുടെ ആവശ്യം ചികിത്സാ സഹായമാണെന്നിരിക്കെ, അത് അപേക്ഷ പരിശോധിച്ച ഉദ്യോഗസ്ഥൻ വഴി തന്നെ ആശുപത്രിയിലോ വീടുകളിലോ എത്തിച്ചുകൊടുക്കുമോ;

(ഇ) ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയിലൂടെ എത്ര പരാതികൾ ലഭിച്ചിരുന്നു; അതിൽ നാളിതുവരെ പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ലാത്തവ എത്ര എന്നുള്ളത് വിശദമാക്കാമോ;

(എഫ്) ജനസമ്പർക്കവുമായി ബന്ധപ്പെട്ട് മുൻകാല പ്രാബല്യത്തോടെ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എത്ര; ഏതെല്ലാം കാര്യങ്ങൾക്കാണ്; വിശദമാക്കാമോ;

(ജി) എ. പി. എൽ. കാർഡ് ബി. പി. എൽ ആക്കി കൊടുക്കാതിരുന്നതിന്റെയോ മുഖ്യമന്ത്രി അനുവദിച്ച ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായം യഥാസമയം ലഭ്യമാക്കാതിരുന്നതിന്റെയോ പേരിൽ സംസ്ഥാനത്തെ എത്ര ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിക്കേണ്ടിവന്നിട്ടുണ്ടെന്ന് വിശദമാക്കാമോ;

## കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

(എച്ച്) ജനകീയാവശ്യങ്ങൾക്കെതിരെ നിലനിൽക്കുന്ന നിയമങ്ങളും ചട്ടങ്ങളും തിരുത്താനുള്ള എന്തെങ്കിലും നടപടി ഇക്കാലയളവിൽ സ്വീകരിച്ചിട്ടുണ്ടോ; ഏതെല്ലാം നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തുകയുണ്ടായി;

(ഐ) ഏതെങ്കിലും മുൻകാല ഉത്തരവുകൾ, ഉദ്യോഗസ്ഥർ നടപ്പാക്കുന്നില്ല എന്ന് പറഞ്ഞ് വീണ്ടും പുറപ്പെടുവിക്കേണ്ടതായിവന്നിട്ടുണ്ടോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>ജനസമ്പർക്ക പരിപാടിയുടെ രണ്ടാം ഘട്ടം</u>

17 ശ്രീ. വി. ശിവൻകുട്ടി
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ. വി. അബ്ദുൾ ഖാദർ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്ക പരിപാടിയുടെ രണ്ടാം ഘട്ടം എന്തെല്ലാം ഉദ്ദേശങ്ങളോട് കൂടിയതായിരുന്നു; ആയതിനായി എത്ര ദിവസത്തെ തയ്യാറെടുപ്പുകൾ ഉണ്ടായി; ഓരോ ജില്ലയിൽ നിന്നും മുൻകൂട്ടിയും നേരിട്ടും അല്ലാതെയും ലഭിച്ച മൊത്തം പരാതികൾ എത്രയെന്ന് വ്യക്തമാക്കുമോ; ഓരോ ജില്ലയിലും ജനസമ്പർക്ക പരിപാടിക്ക് വേണ്ടി ചെലവഴിക്കപ്പെട്ട സമയം എത്രയായിരുന്നു; ഒരു അപേക്ഷ വായിച്ചു നോക്കി ഉത്തരവിടുന്നതിന് മുഖ്യമന്ത്രി എടുത്ത ശരാശരി സമയം ഓരോ ജില്ലയിലും എത്രവീതമായിരുന്നു എന്ന് ലഭിച്ച പരാതിയുടെയും എടുത്ത മൊത്തം സമയത്തിന്റെയും അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; ജനസമ്പർക്ക പരിപാടിയുടെ മൊത്തം ചെലവിന്റെയും മൊത്തം ഹർജികളുടെയും അടിസ്ഥാനത്തിൽ ഒരു ഹർജിക്കാരനു വേണ്ടി ചെലവായ തുക എത്ര;

(ബി) പ്രസ്തുത പരാതികളിൽ ചികിൽസാ സഹായം, എ.പി.എൽ കാർഡ് ബി.പി.എൽ കാർഡിലേക്ക് മാറ്റൽ എന്നിവയ്ക്കായി എത്ര വീതം പരാതികൾ ഉണ്ടായിരുന്നു; ഇവയിൽ എത്ര വീതം പരാതികൾ തത്സമയം പരിഹരിക്കപ്പെട്ടു എന്ന് ജില്ലാടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കുമോ; ഇവ നിലവിലുള്ള സംവിധാനത്തിലൂടെ സാധാരണഗതിയിൽ നിർവ്വഹിക്കാൻ കഴിയുന്നവയായിരുന്നുവോ; അതിനായി സ്വീകരിച്ച നടപടി എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഒന്നാംഘട്ട പരിപാടിയിൽ നൽകിയ പരാതിക്ക് പരിഹാരം കാണാതെ അതിനായി വീണ്ടും രണ്ടാംഘട്ട പരിപാടിയിൽ പരാതി നൽകേണ്ടിവന്നവരെത്ര;

(ഡി) രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിക്ക് വാഹനം, യാത്ര, ടി.എ, ഡി.എ, ഭക്ഷണം, പന്തൽ, മാധ്യമങ്ങൾക്കുൾപ്പടെയുള്ള പരസ്യം എന്നീ ഓരോ ഇനത്തിലും എത്ര രൂപ വീതം ചെലവായിട്ടുണ്ടെന്നും മൊത്തം ചെലവ് എത്ര

യാണെന്നും ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; പ്രസ്തുത ചെലവുകൾ നിർവ്വഹിച്ചിട്ടുള്ളത് ഏതെല്ലാം ഹെഡുകളിൽ നിന്നാണ്; ദുരിതാശ്വാസ നിധിയിൽ നിന്നും വകമാറ്റി ചെലവഴിച്ചതെത്ര;

(ഇ) ചെലവുകൾ ഒന്നാംഘട്ട പരിപാടിയെക്കാൾ എത്ര ശതമാനം കൂടുതലായിരുന്നു എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) രണ്ടാംഘട്ട ജനസമ്പർക്ക പരിപാടി ആരംഭിച്ച ദിവസവും അവസാനിച്ച ദിവസവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ എത്ര രൂപയുണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഘട്ടത്തിൽ നിധിയിലേയ്ക്ക് ലഭിച്ച സംഭാവനകൾ എത്ര; സർക്കാർ അലോട്ട് ചെയ്തതെത്ര;

(ജി) ജനസമ്പർക്ക പരിപാടി വിജയിപ്പിക്കുന്നതിന് എത്ര ദിവസങ്ങളിൽ അതാത് ജില്ലകളിലെ വില്ലേജ് മുതൽ കളക്ടറേറ്റ് വരെയുള്ള ബന്ധപ്പെട്ട ഓഫീസുകൾ ഫലത്തിൽ പ്രവർത്തിക്കാതിരുന്നിട്ടുണ്ട്;

(എച്ച്) ലഭിച്ച അപേക്ഷകൾ തീർപ്പാക്കിയത് നിലവിലുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് തന്നെയായിരുന്നുവോ; എങ്കിൽ അവ ജനസമ്പർക്ക പരിപാടിയുടെ ഭാഗമാക്കിയത് എന്തടിസ്ഥാനത്തിലാണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.01.2014–ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ രണ്ടാംഘട്ട ജനസമ്പർക്കപരിപാടി</u>

18 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ രണ്ടാംഘട്ട ജനസമ്പർക്കപരിപാടിയിൽ ആകെ എത്ര പരാതികൾ ലഭിക്കുകയുണ്ടായി; ആയതിൽ എത്രയെണ്ണം നാളിതുവരെ തീർപ്പാക്കി; ബാക്കി എത്ര പരാതികൾ തീർപ്പാക്കാൻ അവശേഷിക്കുന്നു; ആയതിൽ എത്രപേർക്ക് ധനസഹായം അനുവദിച്ചു; അതുവഴി എന്തു തുക അനുവദിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഒന്നാം ജനസമ്പർക്കപരിപാടിക്കു ലഭിച്ച എത്ര അപേക്ഷകൾ ഇനിയും തീർപ്പാക്കാനുണ്ട്; ജില്ലതിരിച്ചു വ്യക്തമാക്കുമോ;

(സി) രണ്ടാം ജനസമ്പർക്കപരിപാടിക്കായി പരസ്യയിനത്തിൽ 14 ജില്ലകളിലും പത്ര-ദൃശ്യമാധ്യമങ്ങൾക്കു ചിലവഴിച്ച തുക ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പരിപാടിക്കായി പന്തൽ, ഭക്ഷണം, മറ്റുള്ളവ എന്നിവയ്ക്കായി ആകെ എന്തു തുക ചിലവഴിച്ചുവെന്ന് ജില്ലതിരിച്ചു വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പരിപാടിനടത്തിപ്പിനായി ഓരോ ജില്ലയിലും ലഭ്യമാക്കിയ പോലീസുകാർ എത്ര; ഇവരുടെ പദവിയുൾപ്പെടെ വിശദമാക്കുമോ;

(എഫ്) രണ്ടാംഘട്ട ജനസമ്പർക്കപരിപാടി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കഴിഞ്ഞതിനുശേഷവും പ്രസ്തുത പരിപാടിയെ സംബന്ധിച്ച് ഡൽഹി കേന്ദ്രീകരിച്ച് 'ടൈംസ് ഓഫ് ഇൻഡ്യ' ഉൾപ്പെടെയുള്ള ഇംഗ്ലീഷ് പത്രങ്ങൾക്ക് പരസ്യയിനത്തിൽ എന്തു തുക ചിലവഴിച്ചു; ഡൽഹി കേന്ദ്രീകരിച്ചുള്ള ഏതൊക്കെ പത്ര-ദൃശ്യമാധ്യമങ്ങൾക്ക് ഈയിനത്തിൽ എന്തു തുക നൽകി; വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

(ജി) പ്രസ്തുത പരിപാടിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർ ഓരോരുത്തരും റ്റി.എ./ഡി.എ. ഇനത്തിൽ സംസ്ഥാന ഖജനാവിൽ നിന്നും എന്തു തുക ചെലവഴിച്ചു; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

## ജനസമ്പര്‍ക്ക പരിപാടി

19 ശ്രീ. എ. കെ. ശശീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജനസമ്പര്‍ക്ക പരിപാടിയുടെ ഭാഗമായി ഇതുവരെ എത്ര പരാതികള്‍ ലഭിച്ചിട്ടുണ്ടന്ന് വ്യക്തമാക്കാമോ;

(ബി) ആയതില്‍ എത്ര പരാതികള്‍ തീര്‍പ്പാക്കിയിട്ടുണ്ട്; ശേഷിക്കുന്ന പരാതികള്‍ക്ക് തീര്‍പ്പ് കല്പിക്കാന്‍ സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോ;

(സി) ജനസമ്പര്‍ക്ക പരിപാടിയിലൂടെ ആകെ എന്തു തുക ഇതുവരെ ജനങ്ങള്‍ക്ക് നല്‍കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>ജനസമ്പർക്ക പരിപാടി</u>

20 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രണ്ടാംഘട്ട ജനസമ്പർക്ക പരിപാടി സംഘടിപ്പിക്കുന്നതിനായി എന്ത് തുക ചിലവഴിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പത്ര പരസ്യത്തിനായി ചിലവഴിച്ച തുക എത്രയെന്നത് വ്യക്തമാക്കുമോ;

(സി) ജനസമ്പർക്ക പരിപാടിയിൽ ഇതുവരെ എന്ത് തുക ജനങ്ങൾക്ക് വിതരണം ചെയ്തു എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഡി) ജനസമ്പർക്ക പരിപാടിയിൽ മുൻവർഷത്തിൽ എത്ര പരാതി ലഭിച്ചിരുന്നു എന്നും എത്ര പരാതി തീർപ്പാക്കി എന്നും വ്യക്തമാക്കുമോ;

(ഇ) നടപ്പു വർഷം പ്രസ്തുത പരിപാടിയിൽ എത്ര പരാതികൾ ലഭിച്ചു എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

മുഖ്യമന്ത്രിയുടെ 2-ാം ഘട്ട ജനസമ്പർക്ക പരിപാടി

21 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ 2-ാം ഘട്ട ജനസമ്പർക്ക പരിപാടി സംഘടിപ്പിക്കുന്നതിലേക്ക് ഓരോ ജില്ലയിലും ചിലവഴിച്ച തുക എത്രയാണെന്നു വിശദമാക്കാമോ;

(ബി) ഓരോ ജില്ലയിലും ധനസഹായമായി വിതരണം ചെയ്തിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>ജനസമ്പർക്ക പരിപാടി</u>

22 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പതിനാല് ജില്ലകളിൽ മുഖ്യമന്ത്രി നടത്തിയ ജനസമ്പർക്ക പരിപാടിക്കായി എത്ര തുകയാണ് ചിലവഴിച്ചത്;

(ബി) എത്ര രൂപയുടെ സാമ്പത്തിക സഹായമാണ് പ്രസ്തുത പരിപാടിയിലൂടെ ജനങ്ങൾക്ക് നൽകിയത്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിലുള്ള ധനസഹായം അനുവദിച്ചിട്ടുള്ളത് ആർക്കൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതു ഫണ്ടിൽനിന്നുമാണ് ജനസമ്പർക്ക പരിപാടിയിലെ ധനസഹായ വിതരണം നൽകുന്നത്;

(ഇ) കഴിഞ്ഞ ബഡ്ജറ്റിൽ ആയതിന് എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>ജനസമ്പർക്ക പരിപാടിയുടെ നടത്തിപ്പ് ചെലവുകൾ</u>

23 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പതിനാല് ജില്ലകളിൽ ജനസമ്പർക്ക പരിപാടി സംഘടിപ്പിക്കുന്നതിന് വിവിധ വകുപ്പുകൾ വഴി ഏതെല്ലാം ഇനത്തിൽ ആകെ എന്തു തുക ഖജനാവിൽ നിന്നും ചിലവായിട്ടുണ്ട്; മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും ടി.എ., ഡി.എ, റവന്യൂ, സ്റ്റേജിന്റെ ഡക്കറേഷൻ, വാഹനം, ഭക്ഷണം, മാധ്യമങ്ങളുടെ പരസ്യം തുടങ്ങിയ ഇനങ്ങളിൽ എന്തു തുക മൊത്തമായി ചിലവഴിക്കപ്പെട്ടു എന്നറിയിക്കാമോ;

(ബി) രണ്ടാംഘട്ട ജനസമ്പർക്ക പരിപാടി സംഘടിപ്പിക്കുന്നതിന് മേൽ്പറഞ്ഞ വകയിൽ ചെലവായ മൊത്തം തുക എത്രയാണ്;

(സി) ജനസമ്പർക്ക പരിപാടി സംഘടിപ്പിക്കുന്നതിന് ദുരിതാശ്വാസ നിധിയിൽ നിന്ന് ചെലവായ തുക എത്രയാണ്; മറ്റ് നിലയിൽ ചെലവായ തുക എത്രയാണ്; ഏതെല്ലാം ഹെഡ്ഡുകളിൽ നിന്നാണ് പണം ചിലവഴിച്ചത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി</u>

24 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ ഒന്നാംഘട്ടത്തിൽ ആലപ്പുഴ ജില്ലയിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചു; ആയതിൽ ഇതുവരെ തീർപ്പാക്കാത്തവ എത്ര; വ്യക്തമാക്കുമോ;

(ബി) ജനസമ്പർക്ക പരിപാടി രണ്ടാംഘട്ടത്തിൽ ആലപ്പുഴ ജില്ലയിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചു; ആയതിൽ തീർപ്പാക്കിയവ എത്ര;

(സി) ഓരോ ഘട്ടത്തിലും ചികിത്സാ സഹായമായി എത്ര പേർക്ക് എന്തുതുക നൽകിയെന്ന് നിയമസഭാ മണ്ഡലം തിരിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

മുഖ്യമന്ത്രിയുടെ ജനസമ്പര്‍ക്ക പരിപാടി

25 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പര്‍ക്ക പരിപാടിയില്‍പ്പെടുത്തി വിവിധ വകുപ്പുകളിലെ ഓഫീസുകളില്‍ നിന്നും തീരുമാനം എടുക്കാതെ കാലതാമസം വന്ന അപേക്ഷകളില്‍/ഫയലുകളില്‍ തീരുമാനം ഉണ്ടാകണമെന്ന് കാണിച്ച് എത്ര അപേക്ഷകള്‍ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതില്‍ നിയമകുരുക്കുകള്‍ ഉള്ള അപേക്ഷകളില്‍ നിയമത്തില്‍/ചട്ടത്തില്‍/ഉത്തരവുകളില്‍ ഭേദഗതി വരുത്തി എത്ര എണ്ണത്തിന് തീരുമാനം എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഇങ്ങനെ ഭേദഗതി നടത്തിയ ചട്ടങ്ങളുടെ/ഉത്തരവുകളുടെ പകര്‍പ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടി</u>

26 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടി ഏതെല്ലാം ജില്ലകളിൽ നടത്തിയിട്ടുണ്ട്; ഓരോന്നിന്റെയും തീയതിയും വേദിയും വ്യക്തമാക്കുമോ;

(ബി) ഓരോ ജില്ലയിലും എത്രവീതം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അതിൽ എത്രയെണ്ണം തീർപ്പുകൽപ്പിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ജില്ലാടിസ്ഥാനത്തിൽ നൽകുമോ;

(സി) ജനസമ്പർക്കപരിപാടി മുഖേന മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും എത്ര തുക വിതരണം ചെയ്തിട്ടുണ്ട്; എത്രപേർക്ക്; ജില്ലാടിസ്ഥാനത്തിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും സാധാരണ ഗതിയിൽ തുക അനുവദിക്കുന്ന മാനദണ്ഡങ്ങളിൽ ഇളവു വരുത്തിയാണ് തുക അനുവദിച്ചത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) ജനസമ്പർക്കപരിപാടി നടത്തുന്നതിനായി എത്ര തുക ജില്ലാ ഭരണകൂടങ്ങൾക്ക് സർക്കാർ അനുവദിച്ചിട്ടുണ്ട്; ഏതു ഹെഡ്ഡിൽ നിന്നാണ് തുക അനുവദിച്ചത്;

(എഫ്) മന്ത്രിസഭാതീരുമാനപ്രകാരമാണോ പ്രസ്തുത തുക അനുവദിച്ചത്; എങ്കിൽ, വിശദാംശം നൽകുമോ;

(ജി) ഓരോ ജില്ലയിലും എത്ര തുക ധനസഹായമായി അനുവദിച്ചിട്ടുണ്ട്; നടത്തിപ്പിനായി എത്ര തുക ചെലവഴിച്ചു; വിശദമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി</u>

27 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി ലഭിച്ച അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിനായി പ്രസ്തുത കാലയളവിൽ നിയമങ്ങളിൽ/ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; ആയതിനായി പുതിയ ചട്ടങ്ങൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ, അവയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) നിലവിലെ ചട്ടങ്ങൾ/ഉത്തരവുകൾ അനുസരിച്ച് തീരുമാനം എടുക്കാൻ ബുദ്ധിമുട്ടുന്ന അപേക്ഷകളിൽ ജനസമ്പർക്ക പരിപാടിയിൽ തീരുമാനം എടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമം വിശദമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>കാസർഗോട് ജില്ലയിൽ നടന്ന ജനസമ്പർക്ക പരിപാടി</u>

28 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 നവംബർ 29ന് കാസർഗോട് ജില്ലയിൽ നടന്ന ജനസമ്പർക്ക പരിപാടിയുടെ ഒരുക്കങ്ങൾക്കായി എന്തു തുക ചെലവഴിച്ചെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ജനസമ്പർക്ക പരിപാടിയിൽ കാസർഗോട് ജില്ലയിൽ എത്ര പരാതികൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പരാതികളിൽ തീർപ്പുകൽപ്പിക്കപ്പെട്ടവ എത്രയെന്നും തീർപ്പു കൽപ്പിക്കപ്പെടാത്തവ എത്രയെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജനസമ്പർക്ക പരിപാടി</u>

29 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 നവംബർ 29-ന്റെ കാസർഗോഡ് ജനസമ്പർക്ക പരിപാടിയിൽ വച്ച് എത്ര പരാതികൾ ലഭിച്ചു എന്നതിന്റെ കണക്കു ലഭ്യമാക്കുമോ;

(ബി) ഇവയിൽ എത്ര പരാതികൾക്ക് പരിഹാരമായിട്ടുണ്ട്;

(സി) പരാതി പരിഹാരനടപടികൾ സ്വീകരിക്കാൻ നോഡൽ ഓഫീസറെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ആരാണെന്ന് വ്യക്തമാക്കുമോ;

(ഡി) എല്ലാ പരാതികളിന്മേലും തീർപ്പുണ്ടാകാൻ എത്ര സമയം വേണ്ടി വരുമെന്ന് വ്യക്തമാക്കാമോ; കാലവിളമ്പമില്ലാതെ തീർപ്പുണ്ടാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട ചെലവുകൾ</u>

30 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയ്ക്കു വേണ്ടി പരസ്യം, നിർമ്മാണം, ഗതാഗതം, ഭക്ഷണം, വാടക തുടങ്ങി എല്ലാ ഇനങ്ങളിലുമായി ഖജനാവിൽനിന്ന് ചെലവായ തുകയെ സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയ്ക്കുവേണ്ടി മേല്പറഞ്ഞ മൊത്തം ചെലവ് എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) ജനസമ്പർക്ക പരിപാടിയിൽനിന്ന് ഭരണരംഗത്തെ പോരായ്മകളെ സംബന്ധിച്ച് പഠിച്ച പാഠങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ ;

(ഡി) നിലവിലുള്ള ചട്ടങ്ങളിലും നിയമങ്ങളിലും കാലോചിതമായ മാറ്റങ്ങളും, ഭരണരംഗത്തെ അധികാരവികേന്ദ്രീകരണവും സംബന്ധിച്ച് ഒരു ഉന്നതതല കമ്മിറ്റിയെ നിയോഗിച്ച് ശുപാർശകൾ വാങ്ങി അവ നടപ്പിലാക്കാനോ, താഴെതട്ടിലുള്ള ഭരണ സ്ഥാപനങ്ങളെ പ്രവർത്തനക്ഷമമാക്കാനോ തയ്യാറാകുമോ ; എങ്കിൽ മേല്പറഞ്ഞ പാഴ്ചിലവുകൾ ഒഴിവാക്കാൻ കഴിയുമായിരുന്നോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>ജനസമ്പർക്ക പരിപാടിയുടെ ചെലവ്</u>

31 ശ്രീ. എ.എ.അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് എത്ര തുകയാണ് ചെലവാക്കിയത്;

(ബി) ജനങ്ങൾക്ക് ദുരിതാശ്വാസ നിധിയിൽ നിന്നും സാമ്പത്തിക സഹായമായി എന്തു തുക നൽകി;

(സി) രണ്ടാംഘട്ട ജനസമ്പർക്ക പരിപാടി നടത്തിപ്പിന് എത്ര തുക ചെലവാക്കി;

(ഡി) രണ്ടാം ഘട്ട ജനസമ്പർക്ക പരിപാടിയിൽ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായമായി എന്തു തുക നൽകി എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി സംഘടിപ്പിക്കുന്നതിനുണ്ടായ ചെലവ്</u>

32 ശ്രീ.പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി സംഘടിപ്പിക്കുന്നതിന് ഇതുവരെയുണ്ടായ ചെലവ്, വർഷം, ജില്ല, യാത്രാവാഹനങ്ങളുടെ ചെലവ്, പന്തൽ, ഭക്ഷണം, മറ്റ് സൗകര്യങ്ങൾ തുടങ്ങിയ വിവിധ ഇനങ്ങളിലുളള ചെലവുകളുടെ വിശദ വിവരം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ നടപ്പുവർഷത്തെ ജനസമ്പർക്ക പരിപാടിയിൽ നേരിട്ട് ലഭിച്ച അപേക്ഷകൾ</u>

33 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ നടപ്പുവർഷത്തെ ജനസമ്പർക്ക പരിപാടിയിൽ ഓരോ ജില്ലയിൽ നിന്നും നേരിട്ട് ലഭിച്ച അപേക്ഷകൾ എത്ര; മുൻകൂട്ടി ഓൺലൈനിലും മറ്റുമായി ലഭിച്ച അപേക്ഷകൾ എത്ര?

(ബി) ഇവയിൽ അന്വേഷണം നടത്തിയതിന് ശേഷമുള്ള റിപ്പോർട്ടുകൾ പരിഗണിച്ചുകൊണ്ട്, ജനസമ്പർക്ക വേദിയിൽ തീരുമാനം എടുത്തവ എത്ര; യാതൊരു വിധ പരിശോധനകളും നിർവ്വഹണ ആഫീസുകൾ വഴി നടത്താതെ, നേരിട്ട് മുഖ്യമന്ത്രി തീരുമാനം എടുത്തവ എത്ര;

(സി) ചികിത്സാ സഹായം ആവശ്യപ്പെട്ടുകൊണ്ട് നേരിട്ട് അന്നേ ദിവസം ലഭിച്ച അപേക്ഷകൾ എത്രയായിരുന്നു; അതിൽ എത്ര എണ്ണത്തിൽ സാമ്പത്തിക സഹായം അനുവദിച്ചുകൊണ്ട് തൽസമയം തന്നെ ഉത്തരവ് നൽകുകയുണ്ടായി?

## കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകൾ</u>

34 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷം നാളിതുവരെ എത്ര ജില്ലകളിൽ ജന സമ്പർക്ക പരിപാടി നടത്തിയെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ജില്ലകളിൽനിന്നും എത്ര വീതം അപേക്ഷകളാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ലഭിച്ച അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാക്കിയെന്നുള്ള ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) ഓരോ ജില്ലയിലും അപേക്ഷകളിന്മേൽ അനുവദിച്ച സാമ്പത്തികാനുകൂല്യത്തിന്റെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഇ) ജനസമ്പർക്ക പരിപാടി സംഘടിപ്പിക്കുന്നതിന് ഓരോ ജില്ലയിലും എന്തു തുക വീതം ചെലവായി എന്നുള്ള വിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലെ നിയമനം

35 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ നേരിട്ട് നിയമിക്കപ്പെട്ടവർ എത്രയാണ്; ഡെപ്യൂട്ടേഷനിൽ നിയമിക്കപ്പെട്ടവർ എത്രയാണ്; പേഴ്സണൽ സ്റ്റാഫിന് പുറമേ മറ്റേതെല്ലാം സംവിധാനത്തിൽ മുഖ്യമന്ത്രി നേരിട്ട് നിയമനം നടത്തിയിട്ടുണ്ട്; എത്രപേരെന്നും ആരൊക്കെയാണെന്നും മുഖ്യമന്ത്രിയുടെ ഓഫീസിന് കീഴിലുള്ള ഏതെല്ലാം സംവിധാനത്തിൽ അവർ ജോലി ചെയ്യുന്നുവെന്നും വിശദമാക്കുമോ;

(ബി) മുഖ്യമന്ത്രിയുടെ ഓഫീസിലും ഓഫീസിന്റെ ഭാഗമായുള്ള സംവിധാനത്തിലും വർക്കിംഗ് അറേഞ്ച്മെന്റിൽ പ്രവൃത്തിക്കുന്നവർ എത്ര; ആരൊക്കെയാണ്; ഏതെല്ലാം വകപ്പുകളിൽനിന്നുള്ളവരാണ്; വിശദമാക്കുമോ;

(സി) മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിൽ മുഖ്യമന്ത്രി നിയമിച്ചതും ടൂറിസം വകുപ്പ് ദിവസകൂലി അടിസ്ഥാനത്തിലും അല്ലാതെയും നിയമിച്ചതുമായ എത്രപേരുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ്</u>

36 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലോ ഓഫീസിന്റെ ഭാഗമായുള്ള സംവിധാനങ്ങളിലോ നിയോഗിച്ചിരുന്ന ഏതെല്ലാം ആളുകളെ പിന്നീട് ഒഴിവാക്കുകയുണ്ടായി; രാജിവെച്ച് പോയവർ ആരൊക്കെ; വ്യക്തമാക്കുമോ;

(ബി) രാജിവെച്ച് പോകുന്നതിനോ, ഒഴിവാക്കുന്നതിനോ ഇടയായ കാരണങ്ങൾ എന്തെല്ലാമായിരുന്നു;

(സി) സരിത എസ്. നായരെയും ബിജുരാധാകൃഷ്ണനെയും ഫോണിൽ ബന്ധപ്പെട്ടതിന്റെ പേരിൽ ആരെയെല്ലാം ഒഴിവാക്കുകയുണ്ടായി; പേഴ്സണൽ സ്റ്റാഫിലുള്ള ആരുടെയെല്ലാം ഫോണുകളിൽനിന്നോ ഫോണുകളിലേക്കോ സരിത എസ്. നായരെയും ബിജുരാധാകൃഷ്ണനെയും വിളിക്കുകയുണ്ടായി; വിശദമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ്</u>

37 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരമേറ്റതിനുശേഷം 2013 ജൂൺ 10 വരെ മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ എത്ര പേർ ഉണ്ടായിരുന്നു; അതിൽ സർക്കാർ ജീവനക്കാർ, അല്ലാത്തവർ എത്ര പേർ വീതമാണെന്ന് വ്യക്തമാക്കുമോ;

(ബി) 2013 ജൂൺ 10 ന് ശേഷം നവംബർ 30-നകം വരെയുള്ള കാലയളവിനുള്ളിൽ എത്ര പേരെ പുറത്താക്കി; അവർ ആരെല്ലാം; വഹിച്ചിരുന്ന പദവി ഉൾപ്പെടെ വ്യക്തമാക്കുമോ;

(സി) എന്തൊക്കെ കാരണങ്ങളാലാണ് പ്രസ്തുത സ്റ്റാഫുകളെ പുറത്താക്കിയത്; പുറത്താക്കിയവരിൽ എത്ര പേർ വിവിധ കാരണങ്ങളാൽ ജയിലിൽ കിടന്നു; അവർ ആരെല്ലാം;

(ഡി) പുറത്താക്കിയ സ്റ്റാഫുകളിൽ ആരൊക്കെയാണ് ഇപ്പോൾ വിവിധ അന്വേഷണങ്ങൾ നേരിടുന്നത്; എപ്രകാരമുള്ള അന്വേഷണമാണ് ഇവർ നേരിടുന്നത്; വ്യക്തമാക്കുമോ;

(ഇ) മുഖ്യമന്ത്രി സംസ്ഥാനത്ത് ഇല്ലാതിരുന്ന സമയത്ത് എത്ര സ്റ്റാഫിനെ പോലീസ് കസ്റ്റഡിയിലെടുത്തു; അവർ ആരെല്ലാം; മുഖ്യമന്ത്രിയുടെ സ്റ്റാഫിനെ ആഭ്യന്തരവകുപ്പ് കസ്റ്റഡിയിൽ എടുക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(എഫ്) പുറത്താക്കിയവർ ഓരോരുത്തരും വഴിവിട്ട മാർഗ്ഗങ്ങളിലൂടെ ധനസമ്പാദനം നടത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(ജി) എങ്കിൽ മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും പുറത്താക്കപ്പെട്ട ഓരോരുത്തർക്കും മുഖ്യമന്ത്രിയുടെ കീഴിൽ ജോലിയിൽ പ്രവേശിക്കുമ്പോൾ മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം സർക്കാരിന് നൽകിയ വിവരം അനു

സരിച്ച് സ്വത്ത്, കെട്ടിടം ഉൾപ്പെടെയുള്ള സമ്പാദ്യം എത്ര; പുറത്താക്കിയതിന് ശേഷം പരിശോധിച്ചപ്പോഴുള്ള ഇവരുടെ സമ്പാദ്യം എത്ര; വിശദമാക്കുമോ;

(എച്ച്) മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും പുറത്താക്കിയവർക്ക് വസ്തു സമ്പാദനം ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ നടത്താൻ കൂട്ടുനിന്നതിന്റെ പേരിൽ വിവിധ സർക്കാർ ഓഫീസുകളിൽ നിന്നും സസ്പെൻഷൻ ഉൾപ്പെടെ അന്വേഷണ വിധേയരായ ഉദ്യോഗസ്ഥർ ആരെല്ലാം; വകുപ്പും, പദവിയും ഉൾപ്പെടെ വിശദമാക്കുമോ;

(ഐ) മുഖ്യമന്ത്രിയുടെ ഗൺമാൻ ആയിരുന്ന ഒരു പോലീസുകാരനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതി നിരന്തരം ആക്ഷേപം ഉന്നയിക്കുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട വിവരാവകാശ അപേക്ഷകൾ

38 ശ്രീ. സാജു പോൾ
,, സി. കൃഷ്ണൻ
,, സി. കെ. സദാശിവൻ
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവരാവകാശ കമ്മീഷന്റെ പ്രവർത്തനം അവലോകനം ചെയ്യാറുണ്ടോ; ഭരണനടപടികളിൽ സുതാര്യത ഉറപ്പാക്കുന്നതിനും അഴിമതി സംബന്ധിച്ച വസ്തുതകൾ പുറത്തുകൊണ്ടുവരുന്നതിനും കഴിയുന്നുണ്ടെന്ന് വിലയിരുത്താറുണ്ടോ; വിശദമാക്കുമോ;

(ബി) വിവരാവകാശ നിയമത്തെ ദുർവ്യാഖ്യാനം ചെയ്ത് നീതി നിഷേധിക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) മുഖ്യമന്ത്രിയുടെ ഓഫീസിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറെ നിയമിച്ചിട്ടുണ്ടോ?

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകൾ മുഖ്യമന്ത്രിയുടെ ഓഫീസിൽ ലഭിച്ചു; മറുപടി നൽകിയത് എത്ര; വിശദാംശം ലഭ്യമാക്കാമോ;

(ഇ) വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട വിവരം യഥാസമയം മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും ലഭിക്കാത്തത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ജനസമ്പർക്കപരിപാടിയുടെ പേരിൽ ലഭിച്ച യു.എൻ. അവാർഡ് സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്നതിന് വിവരാവകാശനിയമപ്രകാരമുള്ള എത്ര അപേക്ഷകൾ ലഭിച്ചു; നൽകിയ മറുപടി സഹിതം വിശദമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവ്</u>

39 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവ് ആയിരുന്ന ഷാഫി മേത്തർ മറ്റെന്തെല്ലാം പദവികൾ വഹിച്ചിട്ടുണ്ടായിരുന്നു;

(ബി) ഏതെല്ലാം പദവിയിൽ നിന്ന് ഇദ്ദേഹം രാജി വെക്കുകയുണ്ടായി; വിശദമാക്കാമോ;

(സി) മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവ് എന്ന നിലയിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ ഇദ്ദേഹം നിയോഗിക്കപ്പെട്ടിട്ടുണ്ടായിരുന്നുവെന്നും, പ്രസ്തുത സ്ഥാപനങ്ങളിൽ തുടർന്നു വന്നിരുന്ന കാലയളവിൽ വിവിധ ഇനങ്ങളിലായി ചെലവായ തുക എത്രയാണെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും വിദേശ പര്യടനം സംബന്ധിച്ച കണക്കുകൾ</u>

40 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതു വരെ മുഖ്യമന്ത്രി, മന്ത്രിമാർ, സർക്കാർ ചീഫ് വിപ്പ് എന്നിവരിൽ ആരെല്ലാം എത്ര തവണ വിദേശ പര്യടനം നടത്തിയിട്ടുണ്ട്;

(ബി) ഓരോരുത്തരും ഏതെല്ലാം തീയതികളിൽ ഏതെല്ലാം വിദേശ രാജ്യങ്ങൾ സന്ദർശിക്കുകയുണ്ടായി; ഇതിൽ ഔദ്യോഗിക പര്യടനങ്ങൾ ഏതൊക്കെയാണ്; സ്വകാര്യ പര്യടനങ്ങൾ ഏതൊക്കെയാണ്; ഓരോ യാത്രയും എന്തെല്ലാം ഔദ്യോഗികാവശ്യങ്ങൾക്കായിരുന്നു; വ്യക്തമാക്കാമോ;

(സി) വിദേശ പര്യടനത്തിന് മുമ്പ് വാങ്ങിയിരിക്കേണ്ട പൊളിറ്റിക്കൽ ക്ലിയറൻസ് ഉൾപ്പെടെയുള്ള അനുമതി ഇല്ലാതെ ഏതെങ്കിലും മന്ത്രിയോ, ചീഫ് വിപ്പോ വിദേശ യാത്ര നടത്തിയിട്ടുണ്ടായിരുന്നോ; എങ്കിൽ അവർ ആരൊക്കെയാണ്; സന്ദർശിച്ച രാജ്യങ്ങൾ ഏതൊക്കെയാണ്?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

മന്ത്രിമാരുടെ വിദേശയാത്രകൾ

41 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ മന്ത്രിസഭയിലെ ഏതെല്ലാം മന്ത്രിമാർ എത്ര തവണ വിദേശ പര്യടനം നടത്തുകയുണ്ടായിട്ടുണ്ട്;

(ബി) ഓരോ മന്ത്രിയും ഏതെല്ലാം തീയതികളിലായി ഏതെല്ലാം ഘട്ടങ്ങളിൽ ഏതെല്ലാം രാജ്യങ്ങൾ സന്ദർശിക്കുകയുണ്ടായി;

(സി) പ്രസ്തുത കാലയളവിലെ മന്ത്രിമാരുടെ വിദേശ യാത്രകൾക്കായി സംസ്ഥാന ഖജനാവിൽ നിന്നും ചെലവായ മൊത്തം തുക എത്ര; ഓരോ മന്ത്രിക്കും ചെലവായ തുക എത്ര; വിശദമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

റവന്യു വകുപ്പ് മന്ത്രിയുടെ വിദേശ പര്യടനം

42 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം റവന്യൂ വകുപ്പു മന്ത്രി നടത്തിയ വിദേശപര്യടനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) മന്ത്രിയോടൊപ്പം ഏതെല്ലാം ഉദ്യോഗസ്ഥർ യാത്രചെയ്തിട്ടുണ്ടായിരുന്നു;

(സി) ഏതെല്ലാം തീയതികളിൽ ഏതെല്ലാം രാജ്യങ്ങളിൽ ഏതെല്ലാം ആവശ്യങ്ങൾക്കായിരുന്നു വിദേശ യാത്രകൾ നടത്തിയിട്ടുള്ളത്; ഓരോ പര്യടനങ്ങൾക്കും മന്ത്രിയ്ക്കും ഉദ്യോഗസ്ഥർക്കും വേണ്ടി ചെലവായ മൊത്തം തുക എത്ര;

(ഡി) മന്ത്രിയും വകുപ്പ് സെക്രട്ടറിയും കസാക്കിസ്ഥാൻ സന്ദർശിക്കുകയുണ്ടായോ; എങ്കിൽ എത്ര ദിവസം അവിടെ താമസിക്കുകയുണ്ടായി; ഔദ്യോഗിക പരിപാടി എന്തായിരുന്നു; ഈ യാത്ര കൊണ്ട് ഉണ്ടായതായി കരുതുന്ന സംസ്ഥാനത്തിന്റെ നേട്ടം വിശദമാക്കാമോ;

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെയും മന്ത്രിസഭാംഗങ്ങളുടെയും</u>
<u>ഡൽഹിയാത്രയുടെ ചെലവുകൾ</u>

43 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 മാർച്ച് 31 നു ശേഷം നാളിതുവരെ മുഖ്യമന്ത്രിയും മന്ത്രിമാരും ഡൽഹിയിൽ സന്ദർശനം നടത്തിയ ഇനത്തിൽ ഖജനാവിൽ നിന്നും ചെലവ് വന്ന മൊത്തം തുക എത്രയാണ്; വിശദമാക്കാമോ;

(ബി) മുഖ്യമന്ത്രിയും മന്ത്രിമാരും എത്ര തവണ ഡൽഹി സന്ദർശിക്കുകയുണ്ടായി; ഓരോ മന്ത്രിയുടെയും ഓരോ യാത്രയുടെയും അനൗദ്യോഗിക ആവശ്യങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ;

(സി) മന്ത്രിസഭാ പുന:സംഘടനയുമായി ബന്ധപ്പെട്ട രാഷ്ട്രീയ ചർച്ചകൾക്കായി മുഖ്യമന്ത്രിയും മന്ത്രിമാരും എത്ര തവണ ഡൽഹി യാത്ര നടത്തിയിട്ടുണ്ട്; പ്രസ്തുത യാത്രകളുടെ ചെലവ് സർക്കാർ ഖജനാവിൽ നിന്നും ചെലവായിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) 2013 ജൂലൈ 30 നും ആഗസ്റ്റ് 4 നും ഇടയിൽ മുഖ്യമന്ത്രിയും മന്ത്രിമാരും നടത്തിയ ഡൽഹി യാത്രകളുടെ കണക്ക് വിശദമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

സെക്രട്ടേറിയറ്റിലെ അധിക ജോലിഭാരം കുറയ്ക്കാൻ നടപടി

44 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ വിവിധ വകുപ്പുകളിലെ അധിക ജോലി ഭാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി.എസ്.സി, ലോക്കൽ ഫണ്ട് ഓഡിറ്റ് എന്നിവയ്ക്ക് അനുവദിച്ചതുപോലെ അധികതസ്തിക പൊതുഭരണ വകുപ്പിൽ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) എൻട്രി കേഡറിൽ പി.എസ്.സി ലിസ്റ്റ് മുഖേന അല്ലാതെ നിയമിതരായ എത്ര അസിസ്റ്റന്റുമാർ നിലവിലുണ്ടെന്ന വിവരം ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ഡി) ഇപ്രകാരം നിയമനം ലഭിച്ചവരിൽ എത്ര പേർ സെക്ഷൻ ഓഫീസർ മുതൽ സ്പെഷ്യൽ സെക്രട്ടറി വരെ സേവന മനുഷ്ഠിക്കുന്നുണ്ട് എന്ന വിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിലെ അധിക ജോലി ഭാരം ലഘൂകരിക്കാൻ നടപടി</u>

45 ശ്രീ.എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിലെ അധിക ജോലിഭാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിലെ അധിക ജോലിഭാരം കൂടിയ ഡിപ്പാർട്ട്മെന്റുകളിൽ കൂടുതൽ നിയമനങ്ങൾ നടത്താൻ നടപടി സ്വീകരിക്കുമോ;

(സി) സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ സർക്കാർ അധികാരമേറ്റശേഷം എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റിലെ ഐഡിയാസ് ഫൈലിംഗ് സംവിധാനം</u>

46 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഇൻഫർമാറ്റിക്ക്സ് സെന്ററിന്റെ സഹായത്തോടെ നടപ്പാക്കുന്ന ഐഡിയാസ് സോഫ്റ്റ് വെയറിന്റെ സേവനം എല്ലാ സെക്രട്ടേറിയറ്റ് വകുപ്പുകളിലും കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ആയതിന്റെ പോരായ്മകൾ വിശദീകരിക്കാമോ;

(ബി) എം.എൽ.എ മാർ തരുന്ന വി.ഐ.പി. പരാതികൾക്ക് മന്ത്രിമാരുടെ ഓഫീസുകളിൽ നിന്നും വി.ഐ.പി പരാതി നമ്പർ ലഭിക്കുമെങ്കിലും അതാതു വകുപ്പുകളിൽനിന്നുമുള്ള ഫയൽ നമ്പരുകൾ എം.എൽ.എ മാർക്ക് ഐഡിയാസ് വഴി ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഫയലുകളും പരാതികളും യഥാസമയം സെക്ഷനുകളിൽ നമ്പരിട്ട് ഐഡിയാസിൽ ലഭിക്കുന്നതിന് മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തുമോ;

(സി) സെക്രട്ടേറിയറ്റിലെ അതാതു വകുപ്പുകളിൽ നിന്നും ധനകാര്യവകുപ്പിലേയ്ക്ക് പോകുന്ന ഫയലുകളുടെ നമ്പർ അപ്പോൾതന്നെ ലഭ്യമാക്കുന്നതിന് സോഫ്റ്റ്വെയറിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

വിവിധ വകുപ്പുകളിൽ തീരുമാനമെടുക്കാൻ ബാക്കിയുള്ള ഫയലുകൾ

47 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 നവംബർ1, ഡിസംബർ 1, 2014 ജനുവരി 1 തീയതികളിൽ ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിലായി തീരുമാനം എടുക്കാൻ ബാക്കിനില്പുണ്ടായിരുന്ന ഫയലുകൾ/അപേക്ഷകൾ എത്രയാണെന്നതിന്റെ വിശദാംശങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് വകുപ്പ്തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇതിൽ ബന്ധപ്പെട്ട വകുപ്പ് മന്ത്രിയുടെയോ മുഖ്യമന്ത്രിയുടേയോ തീരുമാനത്തിനായി സമർപ്പിക്കപ്പെട്ടിട്ട് തീരുമാനത്തോടുകൂടിയ ഫയൽ തിരികെ കിട്ടാത്തതിനാൽ പെന്റിംഗിലായ ഫയലുകൾ എത്രയായിരുന്നു;

(സി) മേല്പ്പറഞ്ഞ തീയതികളിൽ മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവരുടെ പരിഗണനയ്ക്കായി വിവിധ വകുപ്പുകളിൽ നിന്നായി സമർപ്പിക്കപ്പെട്ട എത്ര ഫയലുകൾ അവരവരുടെ ആഫീസുകളിൽ തീരുമാനം എടുക്കാതെ ബാക്കി നില്പുണ്ടായിരുന്നു?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>സേവനാവകാശനിയമം</u>

48 ശ്രീ. സണ്ണി ജോസഫ്
,, പി. സി. വിഷ്ണുനാഥ്
,, വർക്കല കഹാർ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവനാകാശനിയമം നടപ്പാക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം വകുപ്പുകളിലാണ് പ്രസ്തുത നിയമം നടപ്പാക്കിയിട്ടുള്ളത് ;

(സി) എല്ലാ വകുപ്പുകളിലും പ്രസ്തുത നിയമം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത നിയമം നടപ്പാക്കുന്ന പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) സേവനങ്ങൾ ഓൺലൈൻ വഴി ലഭിക്കുന്നതിനും കൂടുതൽ മേഖലകൾ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ കൊണ്ടു
വരുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 06.01.2014–ലെ മറുപടിക്ക്

<u>സേവനാവകാശ നിയമം</u>

49 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം എന്നുമുതലാണ് പ്രാബല്യത്തിൽ വന്നത്; പ്രസ്തുത നിയമം നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം വകുപ്പുകളിലെ ഏതെല്ലാം സേവനങ്ങളാണ് സേവനാവകാശ നിയമത്തിന്റെ പരിധിയിൽ വിജ്ഞാപനം ചെയ്തിട്ടുള്ളത്; ഇനിയും അവശേഷിക്കുന്നവ ഇതിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നിയമം നിലവിൽവന്നശേഷം നിയമാനുസൃതം ഓരോ വകുപ്പിനും ലഭിച്ച പരാതികൾ എത്ര; നിരസിക്കേണ്ടി വന്നവ എത്ര; നൽകേണ്ടി വന്നവ എത്ര;

(ഡി) നിരസിച്ച എത്ര അപേക്ഷകളിന്മേൽ അപ്പീലുകൾ ലഭിച്ചിട്ടുണ്ട്; ഇനിയും തീരുമാനം എടുത്തിട്ടില്ലാത്ത അപ്പീലുകൾ എത്ര;

(ഇ) നിശ്ചിത സമയപരിധിക്കുള്ളിൽ സേവനം ലഭ്യമാക്കാത്തതിന്റെ പേരിൽ ഏതെങ്കിലും വകുപ്പിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>സേവനാവകാശ നിയമം നടപ്പിലാക്കൽ</u>

50 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം നടപ്പിലാക്കിയ ശേഷം അതിന്റെ പ്രായോഗിക ക്ഷമതയും ഗുണദോഷങ്ങളും അനുബന്ധ പ്രശ്നങ്ങളും സംബന്ധിച്ച് വിലയിരുത്തലുകൾ എന്തെങ്കിലും നടത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) സാധാരണ പൗരനു ലഭിച്ച പ്രസ്തുത അവകാശം നിഷേധിക്കുന്നതും നിയമം ദുരുപയോഗം ചെയ്യുന്നതും സംബന്ധിച്ച് പരിശോധിക്കുന്നതിനും സുഗമമായ നടത്തിപ്പിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും ഉചിതമായ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത നിയമം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കാൻ ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

**സർക്കാർ അധികാരത്തിൽ വന്ന ശേഷം നടന്ന ഹർത്താലുകൾ സംബന്ധിച്ച വിവരം**

51 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരളത്തിൽ എത്ര ഹർത്താലുകൾ നടന്നുവെന്ന് വിശദമാക്കുമോ;

(ബി) പ്രാദേശിക തലത്തിൽ കേരളത്തിൽ എത്ര ഹർത്താലുകൾ ഈ കാലഘട്ടത്തിൽ നടന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം സംഘടനകളാണ് പ്രസ്തുത ഹർത്താലുകൾക്ക് ആഹ്വാനം ചെയ്തതെന്ന് വ്യക്തമാക്കുമോ;

(ഡി) അദ്ധ്വാനദിനങ്ങളുടെ നഷ്ടം, പൊതുമുതൽ നശിപ്പിക്കൽ തുടങ്ങിയ ഇനങ്ങളിൽ എത്ര രൂപ സംസ്ഥാനത്തിന് നഷ്ടപ്പെട്ടുവെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

ഹർത്താൽ മൂലമുള്ള നഷ്ടം

52 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹർത്താൽ ദിനങ്ങളിൽ സംസ്ഥാനത്തുണ്ടാകുന്ന ലാഭനഷ്ടക്കണക്ക് സർക്കാർ ശേഖരിക്കാറുണ്ടോ; ലാഭം/നഷ്ടം കണക്കാക്കുന്ന മാനദണ്ഡം എന്താണെന്നു വിശദമാക്കുമോ;

(ബി) സർക്കാർ സ്വീകരിക്കുന്ന നടപടികളാൽ കേരളത്തിനുണ്ടാകുന്ന നഷ്ടം കൂടി കണക്കിലെടുത്താണോ ഹർത്താൽ പോലുള്ള സമരങ്ങൾ മൂലമുള്ള നഷ്ടം കണക്കാക്കുന്നത്;

(സി) സർക്കാരിന്റെ നയങ്ങൾക്കും നിലപാടുകൾക്കുമെതിരെ എത്ര ഹർത്താലുകൾ നടന്നിട്ടുണ്ട്; ഓരോ ഹർത്താലിലും ഉണ്ടായ നഷ്ടം എന്തൊക്കെയാണെന്നും, ഏതെല്ലാം രാഷ്ട്രീയപ്പാർട്ടികൾ ആഹ്വാനം ചെയ്തതായിരുന്നു പ്രസ്തുത ഹർത്താലുകളെന്നും വിശദമാക്കുമോ;

(ഡി) ഹർത്താലുകൾ പോലുള്ള സമരങ്ങളെ ഇല്ലാതാക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>ഹർത്താൽ മൂലമുള്ള നഷ്ടം</u>

53 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കസ്തൂരിരംഗൻ റിപ്പോർട്ടിനെ തുടർന്ന് കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ച വിജ്ഞാപനത്തിലെ നിർദ്ദേശങ്ങൾക്കെതിരെ 18.11.2013–ൽ നടന്ന ഹർത്താൽ ദിനത്തിൽ സംസ്ഥാനത്തി നുണ്ടായ നഷ്ടം സംബന്ധിച്ച് മുഖ്യമന്ത്രി പ്രസ്താവന നടത്തുകയു ണ്ടായോ ; എങ്കിൽ എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്നാണ് മുഖ്യമന്ത്രി പ്രസ്താവിച്ചിരു ന്നത് ;

(ബി) പ്രസ്തുത നഷ്ടതുക കണക്കാക്കിയത് ഏതു മാനദണ്ഡ പ്രകാരം ഏത് ഏജൻസിയാണെന്ന് വെളിപ്പെടുത്താമോ ; ഇത് സംബന്ധമായി മുഖ്യമന്ത്രിയ്ക്ക് ലഭിച്ച ഔദ്യോഗിക റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

എം-ഗവേണന്‍സ് സംവിധാനത്തിലെ എസ്.എം.എസ്.

54 ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

ഏതെല്ലാം വകുപ്പുകളിലെ ഏതെല്ലാം സേവനങ്ങളാണ് എം-ഗവേണന്‍സ് സംവിധാനത്തിലൂടെ എസ്.എം.എസ്. ആയി ലഭ്യമാകുന്നതെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>രഘുറാം രാജന്‍ റിപ്പോര്‍ട്ട്</u>

55 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) രഘുറാം രാജന്‍ റിപ്പോര്‍ട്ടിന്റെ അടിസ്ഥാനത്തില്‍ കേരളത്തിന്റെ പദ്ധതി വിഹിതത്തില്‍ വന്നു ചേരുന്ന കമ്മി എത്രയെന്ന് വിലയിരുത്തിയിട്ടുണ്ടോ; ആയതിന്റെ ഭാഗമായി വരുന്ന പദ്ധതി നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നല്‍കുമോ;

(ബി) ഇപ്രകാരം സംസ്ഥാനത്തിന് ഉണ്ടാകുന്ന നഷ്ടത്തെ സംബന്ധിച്ച് വിശദമായ പഠനം നടന്നിട്ടുണ്ടോ; എങ്കില്‍ ഇതു സംബന്ധിച്ച വിശദാംശം നല്‍കുമോ;

(സി) പ്രസ്തുത നഷ്ടം നികത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കില്‍ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>വാണിജ്യ ബാങ്കുകളുടെ എ.ടി.എം. കൗണ്ടറുകൾ</u>

56 ശ്രീ.സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 150 വർഷത്തിലേറെ പഴക്കമുള്ളതും, സംരക്ഷിത നിർമ്മിതിയുമായ സെക്രട്ടേറിയറ്റ് മന്ദിരത്തിന്റെ പൂമുഖങ്ങളിൽ വാണിജ്യ ബാങ്കുകളുടെ എ.ടി.എം, അക്ഷയ കിയോസ്ക് തുടങ്ങിയവ സ്ഥാപിച്ച് അത്തരം ബാങ്കുകൾ ഉൾപ്പെടെയുള്ളവയുടെ പരസ്യ പ്രചാരണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സെക്രട്ടേറിയറ്റ് മന്ദിരത്തിന്റെ പൂമുഖങ്ങളിൽ സ്ഥാപിച്ചിട്ടുള്ള വാണിജ്യ ബാങ്കുകളുടെ എ.ടി.എം. കൗണ്ടറുകൾ സെക്രട്ടേറിയറ്റ് മന്ദിരത്തിന്റെ പിൻവശത്ത് സൗകര്യപ്രദമായ സ്ഥാനങ്ങളിൽ മാറ്റി സ്ഥാപിക്കുവാനാവശ്യമായ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>13-ാം ധനകാര്യ കമ്മീഷൻ സന്ദർശനം</u>

57 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 13-ാം ധനകാര്യ കമ്മീഷൻ കേരളം സന്ദർശിച്ച വേളയിൽ പ്രസ്തുത കമ്മീഷൻ അംഗങ്ങൾക്കും ക്ഷണിക്കപ്പെട്ടവർക്കും വിരുന്നു നൽകിയ വേളയിൽ മദ്യം വിതരണം ചെയ്ത നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതു സംബന്ധിച്ച് വിശദമാക്കുമോ;

(ബി) ഇപ്രകാരം മദ്യം നൽകിയയിനത്തിൽ എന്തു തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) എന്തടിസ്ഥാനത്തിലും മാനദണ്ഡത്തിലുമാണ് പ്രസ്തുത നടപടി സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>സോളാർ തട്ടിപ്പ് കേസിനോടനുബന്ധിച്ച ജുഡീഷ്യൽ അന്വേഷണം</u>

58 ശ്രീ.എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ തട്ടിപ്പുകേസ് ജുഡീഷ്യൽ അന്വേഷണത്തിന് വിട്ടുകൊണ്ട് തീരുമാനം എടുത്ത തീയതിയും അന്വേഷണത്തിനുള്ള ടേംസ് ഓഫ് റഫറൻസ് തീരുമാനിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ച തീയതിയും എന്നാണ്;

(ബി) ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി ഏതെല്ലാം കേന്ദ്രങ്ങളിൽ നിന്ന് സർക്കാരിന് നിർദ്ദേശങ്ങൾ ലഭിച്ചുവെന്നും ലഭിച്ച എല്ലാ നിർദ്ദേശങ്ങളും ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ യെന്നും ഇല്ലെങ്കിൽ ആരുടെ നിർദ്ദേശങ്ങളാണ് പരിഗണിക്കാതിരുന്നിട്ടുള്ളത് എന്നും വിശദമാക്കാമോ;

(സി) ജുഡീഷ്യൽ കമ്മീഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നുമുതലെന്നും കമ്മീഷന് പ്രവർത്തിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കികൊടുത്തിട്ടുണ്ടെന്നും എത്ര സർക്കാർ ഉദ്യോഗസ്ഥന്മാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; കമ്മീഷനെ സഹായിക്കാൻ വേണ്ടി നിയോഗിക്കപ്പെട്ടവരുടെ പേരുവിവരങ്ങൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>സോളാർ കേസ്സ്</u>

59 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ കേസ്സിൽ ശ്രീമതി. സരിത എസ്. നായർ ആദ്യമായി അറസ്റ്റ് ചെയ്യപ്പെട്ട തീയതി ഏതാണ്;

(ബി) മുഖ്യമന്ത്രിയുടെ ആഫീസിൽനിന്നും പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെ ഫോണുകളിൽനിന്നും ശ്രീമതി. സരിത എസ്. നായരേയും തിരിച്ച് ശ്രീമതി. സരിത എസ്. നായർ വിളിച്ചതായുള്ള രേഖകൾ ആദ്യമായി പുറത്തുവന്നത് എന്നായിരുന്നു;

(സി) സ്റ്റാഫ് അംഗങ്ങൾ ശ്രീമതി. സരിത എസ്. നായരെ വിളിച്ചത് സംബന്ധിച്ച വിവരം മുഖ്യമന്ത്രിയുടെ അറിവിൽപ്പെടുന്നത് എന്നായിരുന്നു;

(ഡി) പ്രസ്തുത വിവരം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടതിനുശേഷം എത്ര പേഴ്സണൽ സ്റ്റാഫ് അംഗങ്ങളെ ഒഴിവാക്കുകയുണ്ടായി; ഏതെല്ലാം തീയതികളിൽ; ഇപ്പോഴും ഒഴിവാക്കപ്പെടാത്തവർ ആരൊക്കെ;

(ഇ) തട്ടിപ്പുമായി ആഫീസിലുള്ളവർക്കുണ്ടായിരുന്ന ബന്ധം സംബന്ധിച്ച് ആദ്യമായി മുഖ്യമന്ത്രി അറിയുന്നത് എന്നായിരുന്നുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>സോളാർ വിഷയവുമായി ബന്ധപ്പെട്ട് ജുഡീഷ്യൽ അന്വേഷണം</u>

60 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ വിഷയവുമായി ബന്ധപ്പെട്ട് ജുഡീഷ്യൽ അന്വേഷണം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) സിറ്റിംഗ് ജഡ്ജിയെ ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ കത്തിടപാടുകൾ നടത്തിയിട്ടുണ്ടോ ; ആയതിന് എന്ത് മറുപടി ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കത്തുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ജുഡീഷ്യൽ അന്വേഷണ പരിധിയിൽ മുഖ്യമന്ത്രിയുടെ ഓഫീസിനെ ഉൾപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ ?

**കേരള നിയമസഭ**
**06.01.2014-ലെ മറുപടിക്ക്**

<u>സംസ്ഥാനത്തു നിന്നുള്ള കേന്ദ്രമന്ത്രിമാരുടെ സംസ്ഥാനത്തെ ചെലവുകൾ</u>

61 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു നിന്നുള്ള നിലവിലെ കേന്ദ്ര മന്ത്രിമാർക്ക് വേണ്ടി ഖജനാവിൽ നിന്നും ഇതിനകം വിവിധ ഇനങ്ങളിൽ ചെലവായ തുക എത്ര വീതമാണെന്ന് വിശദമാക്കാമോ;

(ബി) കേന്ദ്രമന്ത്രിമാർ സംസ്ഥാനത്ത് എത്തുമ്പോൾ സംസ്ഥാന സർക്കാരിന്റെ എന്തെല്ലാം സൗകര്യങ്ങളാണ് ഉപയോഗിക്കുന്നത്; വിശദമാക്കാമോ;

(സി) സംസ്ഥാന സർക്കാരിന്റെ സൗകര്യങ്ങൾ ഒന്നും വേണ്ടെന്ന് വെച്ചിട്ടുള്ള ഏതെങ്കിലും കേന്ദ്രമന്ത്രി ഉണ്ടോ; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന സർക്കാർ ഒരുക്കുന്ന വാഹനങ്ങളും, അതിഥി മന്ദിരങ്ങളും മറ്റ് സൗകര്യങ്ങളും ഉപയോഗിക്കുന്ന കേന്ദ്രമന്ത്രിമാർ കേന്ദ്ര ഗവൺമെന്റിൽ നിന്നും കൈപ്പറ്റുന്ന ടി.എ, ഡി.എ യിൽ നിന്നും സംസ്ഥാനത്തിന് തിരിച്ച് നൽകാറുണ്ടോ; ആയതു സംബന്ധമായ വ്യവസ്ഥകൾ വിശദമാക്കാമോ;

(ഇ) സംസ്ഥാനത്ത് നിന്നുള്ള കേന്ദ്രമന്ത്രിമാരുടെ എണ്ണം വർദ്ധിച്ചതു കൊണ്ട് ചെലവിൽ വർദ്ധന ഉണ്ടായിട്ടുണ്ടോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

പാർലമെന്റ് അംഗങ്ങളുടെ സംസ്ഥാനതലത്തിൽ നടന്ന യോഗങ്ങൾ

62 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാർലമെന്റ് അംഗങ്ങളുടെ സംസ്ഥാനതലത്തിൽ നടന്ന വിവിധ മീറ്റിംഗുകളുടെ ഭാഗമായി, കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിലേയ്ക്ക് സർക്കാർ അവതരിപ്പിച്ച കാര്യങ്ങളിൽ ഇപ്പോഴും അനുകൂലതീരുമാനം ഉണ്ടായിട്ടില്ലാത്ത വിഷയങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തുതകാര്യങ്ങളിൽ സംസ്ഥാനത്തുനിന്നുള്ള കേന്ദ്രമന്ത്രിമാരുമായി ബന്ധപ്പെട്ട വകുപ്പുകളിൽ തീരുമാനത്തിനായി ബാക്കിനിൽപ്പുള്ള വിഷയങ്ങൾ എത്രയാണ്; അവ എന്തൊക്കെയാണ്;

(സി) തിരുവനന്തപുരത്ത് എം.പി.മാരുടെ എത്ര യോഗങ്ങൾ ചേർന്നു; അതിലൊന്നിലും ഇതുവരെ പങ്കെടുത്തിട്ടില്ലാത്ത കേന്ദ്രമന്ത്രി ഉണ്ടോ; എങ്കിൽ ആരാണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>ആരോപണങ്ങളിൻമേൽ നടപടി</u>

63 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തരവകുപ്പുമന്ത്രിയെക്കുറിച്ച് സർക്കാർ ചീഫ് വിപ്പും, ചീഫ് വിപ്പിനെക്കുറിച്ച് ആഭ്യന്തരവകുപ്പുമന്ത്രിയും ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾ സംബന്ധിച്ച് അന്വേഷിക്കാൻ മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുണ്ടോ;

(ബി) ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾ സംബന്ധിച്ച വാർത്തകൾ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; രണ്ടു വ്യക്തികളിൽ നിന്നും മുഖ്യമന്ത്രി വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നുവോ; എങ്കിൽ, വിശദീകരണം ലഭിക്കുകയുണ്ടായോ എന്നു വ്യക്തമാക്കുമോ;

(സി) വിശദീകരണത്തിന്റെ അടിസ്ഥാനത്തിലോ അല്ലാതെയോ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

ഐക്യരാഷ്ട്രസഭയുടെ പുരസ്ക്കാരചടങ്ങിൽ സംബന്ധിച്ചവർ

64 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐക്യരാഷ്ട്രസഭയുടെ പുരസ്ക്കാരം ഏറ്റുവാങ്ങുവാനായി ബഹ്റിനിൽ പോയ മുഖ്യമന്ത്രിയോടൊപ്പം സംസ്ഥാനത്തുനിന്നുള്ള സംഘത്തിൽ ഉൾപ്പെട്ടിരുന്നവർ ആരൊക്കെയാണ്; വ്യക്തമാക്കുമോ;

(ബി) ആയതിൽ ഔദ്യോഗികസ്ഥാനത്തുള്ളവർ ആരെല്ലാമായിരുന്നു; അല്ലാത്തവർ ആരൊക്കെ;

(സി) സംസ്ഥാനത്തുനിന്നുള്ള 'ഒഫീഷ്യൽ' എന്ന പേരിൽ പ്രസ്തുത ചടങ്ങിൽ പങ്കെടുത്തവർ ആരൊക്കെയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

## നടി ശ്വേതാമേനോനുണ്ടായ അപമാനം സംബന്ധിച്ച്

65 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വള്ളം കളിയുടെ ഉദ്ഘാടന ചടങ്ങിനിടെ ഉണ്ടായ അപമാനം സംബന്ധിച്ച് നടി ശ്രീമതി ശ്വേതാമേനോൻ 2013 നവംബറിൽ മുഖ്യമന്ത്രിയെ കണ്ട് സംസാരിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് തീയതിയിൽ; ഏത് സമയത്ത്; ഏത് സ്ഥലത്ത് വെച്ചായിരുന്നു ശ്വേതാമേനോന് നേരിൽ കണ്ടിരുന്നതെന്നും, തനിക്കേറ്റ അപമാനത്തെക്കുറിച്ച് എന്തെല്ലാം കാര്യങ്ങളാണ് പറഞ്ഞിരുന്നതെന്നും വിശദമാക്കാമോ;

(സി) ശ്വേതാമേനോന്റെ പരാതി കേട്ടതിന് ശേഷം മുഖ്യമന്ത്രി നല്കിയ മറുപടി എന്തായിരുന്നുവെന്നും പരാതിയിൽ മുഖ്യമന്ത്രി സ്വീകരിച്ച നടപടി എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>കപ്പൽ ചാരപ്രവർത്തനം നടത്തിയതായ ആക്ഷേപം</u>

66 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ഒക്ടോബറിൽ തിരുവനന്തപുരത്തെ തീരദേശങ്ങൾ കേന്ദ്രീകരിച്ച് യുദ്ധക്കപ്പലിനു സമാനമായ ഒരു കപ്പൽ ചാരപ്രവർത്തനം നടത്തിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടായിരുന്നുവോ; വിശദമാക്കുമോ;

(ബി) ഐ.എസ്.ആർ.ഒ.യുടെ ബഹിരാകാശഗവേഷണസമുച്ചയം സ്ഥിതിചെയ്യുന്ന വേളി-തുമ്പ ഭാഗത്തെ തീരക്കടലിലും പ്രസ്തുത കപ്പൽ ഒരാഴ്ചയോളം നിരീക്ഷണം നടത്തിയിട്ടുള്ളതായ റിപ്പോർട്ട് ശരിയാണോ;

(സി) പ്രസ്തുത കപ്പലിന്റെ ഉടമ ആരാണെന്നും, യാത്രാ ഉദ്യമം എന്തായിരുന്നുവെന്നും, ചാരപ്രവർത്തനം നടന്നിട്ടുണ്ടോ എന്നെല്ലാമുള്ള കാര്യങ്ങൾ അന്വേഷണവിധേയമായിട്ടുണ്ടോ; സംസ്ഥാനസർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി എന്താണെന്നു വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>പ്രധാനമന്ത്രിക്കും കേന്ദ്രമന്ത്രിമാർക്കും നൽകിയിട്ടുള്ള നിവേദനങ്ങൾ</u>

67 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയും സംസ്ഥാനമന്ത്രിമാരും കേന്ദ്രമന്ത്രിമാരെയും പ്രധാനമന്ത്രിയെയും നേരിൽക്കണ്ട് നിവേദനം സമർപ്പിക്കുന്നതിന് എത്ര തവണ ഡൽഹി സന്ദർശിച്ചിട്ടുണ്ട്;

(ബി) നിവേദനങ്ങളിലൂടെ ഉന്നയിക്കപ്പെട്ട പൊതുവായ ആവശ്യങ്ങളിൽ ഇപ്പോഴും പരിഗണിക്കപ്പെട്ടിട്ടില്ലാത്തവ ഏതൊക്കെയാണെന്ന് വകുപ്പുതിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സന്ദർശനവേളകളിൽ മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും ലഭിച്ചിരുന്ന ഉറപ്പുകളിലും വാഗ്ദാനങ്ങളിലും നാളിതുവരെ നടപ്പിലാക്കാത്തവ ഏതൊക്കെയാണ്; വകുപ്പുതിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

ശ്രീമതി സോണിയാ ഗാന്ധിയുടെ കേരളാ സന്ദർശനവുമായി ബന്ധപ്പെട്ട ചെലവുകൾ

68 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോൺഗ്രസ്സ് അദ്ധ്യക്ഷ ശ്രീമതി സോണിയാ ഗാന്ധി 2013 സെപ്റ്റംബറിൽ കേരളത്തിലെത്തി വിവിധ പരിപാടികളിൽ പങ്ക് കൊള്ളുന്നതുമായി ബന്ധപ്പെട്ട് ഏതെല്ലാം ഇനത്തിൽ എന്തു തുക ഖജനാവിൽ നിന്നും ചെലവ് ചെയ്യുകയുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സോണിയാ ഗാന്ധിയുടെ വരവുമായി ബന്ധപ്പെട്ട് അധിക പോലീസ് സംവിധാനങ്ങൾ ഒരുക്കുന്നതിനായി ചെലവായ തുക എത്ര; വ്യക്തമാക്കുമോ;

(സി) പാർലമെന്റ് തെരഞ്ഞെടുപ്പിന് മുന്നോടിയായി കേരളത്തിലെത്തിയ കോൺഗ്രസ് അദ്ധ്യക്ഷയ്ക്ക് വേണ്ടി ഖജനാവിൽ നിന്ന് ചെലവായ തുക കോൺഗ്രസ്സ് പാർട്ടി സർക്കാരിന് നൽകുകയുണ്ടായിട്ടുണ്ടോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>ഷാഫി മേത്തർക്കെതിരെ മുഖ്യമന്ത്രിയ്ക്ക് ലഭിച്ച പരാതി</u>

69 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവായിരുന്ന ഷാഫി മേത്തർക്കെതിരെ അദ്ദേഹത്തിനു ലഭിച്ച പരാതിയുടെ ഒരു കോപ്പി ലഭ്യമാക്കാമോ; പരാതിയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) ഷാഫി മേത്തർ രാജി വെക്കാനിടയായ സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) സാമ്പത്തിക ഉപദേഷ്ടാവായി തുടർന്നിരുന്ന കാലയളവിൽ ഏതെല്ലാം ഇനത്തിൽ എന്ത് തുക വീതം ഷാഫി മേത്തറിനായി ഖജനാവിൽ നിന്നും ചെലവായിട്ടുണ്ടായിരുന്നുവെന്ന് വിശദമാക്കുമോ;

(ഡി) ഷാഫി മേത്തർ, മുഖ്യമന്ത്രിയ്ക്ക് നൽകിയ സേവനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഷാഫി മേത്തറെ നിയമിച്ചതിനു ശേഷം രാജിവയ്ക്കുന്നതുവരെ ഓഫീസ്, സ്റ്റാഫ്, ഫോൺ, യാത്ര, തുടങ്ങിയ ഏതെല്ലാം ഇനത്തിൽ എന്ത് തുക സർക്കാറിന് ചെലവായിട്ടുണ്ട്?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

ഐ. എസ്. ആർ.ഒ ചാരക്കേസ്

70 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. എസ്. ആർ.ഒ ചാരക്കേസിൽ കേസെടുത്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കേണ്ടതില്ലെന്ന നിലപാട് സ്വീകരിച്ചിട്ടുണ്ടോ;

(ബി) നടപടി സ്വീകരിക്കണമെന്ന ആവശ്യം രേഖാമൂലം ഉന്നയിച്ചത് ആരെല്ലാമായിരുന്നു;

(സി) ഇത് സംബന്ധമായി കേരള ഹൈക്കോടതിയിൽ നിലവിലുള്ള കേസിൽ സർക്കാർ സത്യവാങ്മൂലത്തിലൂടെ സ്വീകരിച്ച നിലപാട് എന്താണ്; അത് നൽകിയത് എപ്പോഴാണ്;

(ഡി) ചാരക്കേസിൽ സ്ഥാനം രാജിവെക്കേണ്ടിവന്ന മുഖ്യമന്ത്രിയുടെ ബന്ധുക്കളിൽ ആരെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കേണ്ടതില്ലെന്ന് സർക്കാരിനെ അറിയിച്ചിട്ടുണ്ടായിരുന്നോ; ഇത് സംബന്ധമായി സർക്കാരിന് ലഭിച്ച ഹർജികളിലെ ആവശ്യം എന്തായിരുന്നുവെന്ന് വിശദമാക്കാമോ?

**കേരള നിയമസഭ**
**06.01.2014-ലെ മറുപടിക്ക്**

<u>വിദേശസഹായം ലഭിക്കുന്ന ട്രസ്റ്റുകൾ</u>

71 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ വിദേശസഹായം ലഭിക്കുന്ന എത്ര ട്രസ്റ്റുകൾ ഉണ്ടെന്നു വ്യക്തമാക്കുമോ;

(ബി) അവ ഏതെല്ലാമെന്നു വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ ഓരോ ട്രസ്റ്റിനും വിദേശത്തുനിന്ന് ലഭിച്ച സഹായങ്ങൾ എത്രയാണെന്നു വിശദമാക്കുമോ;

(ഡി) ഏതെങ്കിലും സ്ഥാപനം ലഭിച്ച തുക വകമാറ്റി ചെലവഴിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>പെൻഷൻകാർക്ക് ചികിത്സാ ഇൻഷ്വറൻസ് പദ്ധതി</u>

72 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാന സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തവർക്ക് നൽകി വരുന്ന ചികിത്സാ അലവൻസ് ഇൻഷ്വറൻസ് മേഖലയിൽ നിക്ഷേപിച്ച് പെൻഷൻകാർക്കും കുടുംബാംഗങ്ങൾക്കും ചികിത്സാ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

<u>സർക്കാർ ജീവനക്കാരുടെ അനധികൃത സ്ഥലംമാറ്റം</u>

73 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെ സ്ഥലംമാറ്റത്തിന്റെയും പ്രമോഷന്റെയും കാര്യത്തിൽ അഴിമതി നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് സ്ഥലമാറ്റങ്ങളും പ്രമോഷനും നല്കിയത് സംബന്ധിച്ച് എത്ര പരാതികൾ ഈ സർക്കാരിന്റെ കാലത്തുണ്ടായിട്ടുണ്ട്; വിശദമാക്കാമോ;

(സി) സ്ഥലമാറ്റത്തിലും പ്രമോഷനിലും അഴിമതി നടത്തിയ എത്ര ഉദ്യോഗസ്ഥന്മാർക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കുകയുണ്ടായി; വിശദമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>സിവിൽ സർവീസിന്റെ മേലുള്ള നിയന്ത്രണം സംബന്ധിച്ച് സുപ്രീംകോടതി വിധി</u>

74 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവീസിന്റെ മേലുള്ള നിയന്ത്രണം സംബന്ധിച്ച് സുപ്രീംകോടതി പുറപ്പെടുവിച്ച വിധിയിൽ പ്രധാനമായുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) സർക്കാർ തീരുമാനം എടുക്കേണ്ടതായി നിർദ്ദേശിക്കപ്പെട്ട കാര്യങ്ങളിൽ നടപടി ആയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് സിവിൽ സർവീസ് ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; ബോർഡിന്റെ കർത്തവ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) സുപ്രീംകോടതി നിർദ്ദേശ പ്രകാരം സംസ്ഥാനത്ത് നിലവിലുള്ള സ്ഥിതിയിൽ എന്തെല്ലാം മാറ്റങ്ങളാണ് ആവശ്യമായിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ ഡെപ്യൂട്ടേഷൻ</u>

75 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കേഡറിലുള്ള ഐ.എ.എസ്. ഉദ്യോഗസ്ഥന്മാർ എത്രപേരാണ്; ഇതിൽ എത്രപേർ ഇപ്പോൾ സംസ്ഥാനത്ത് ജോലിനോക്കുന്നുണ്ട്; ഇവിടെ ജോലിനോക്കുന്നവരിൽ എത്രപേർ ഡെപ്യൂട്ടേഷനിൽ പുറത്തുപോകാൻ ആഗ്രഹം പ്രകടിപ്പിച്ചിട്ടുണ്ട്; അവർ ആരൊക്കെയെന്നു വ്യക്തമാക്കുമോ;

(ബി) ഐ.എ.എസ്. ഉദ്യോഗസ്ഥന്മാരുടെ കുറവ് വർദ്ധിച്ചിട്ടുണ്ടോ; എത്ര സ്ഥാനങ്ങളിലേയ്ക്ക് ഐ.എ.എസ്സുകാരില്ലാത്തതിനാൽ, നിലവിലുള്ളവർക്ക് അഡീഷണൽ ചാർജ് നൽകേണ്ടതായിവന്നിട്ടുണ്ട്;

(സി) സംസ്ഥാനത്തിനു പുറത്ത് ഡെപ്യൂട്ടേഷനിൽ ജോലിചെയ്യാൻ പോയ ഐ.എ.എസ്സുകാരെയെല്ലാം തിരിച്ചുവിളിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; തിരിച്ചുവരാൻ പ്രസ്തുത ഉദ്യോഗസ്ഥർ തയ്യാറാകാത്ത സാഹചര്യം പരിശോധിക്കുകയുണ്ടായോ; സർക്കാർ ആവശ്യപ്പെട്ടപ്രകാരം തിരിച്ചുവന്നവർ എത്രയാണ്; ആരൊക്കെയാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>അനുവദിച്ച കോടതികൾ ആരംഭിക്കുന്നതിന് നടപടി</u>

76 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുപ്രീം കോടതി നിർദ്ദേശം നടപ്പിലാക്കുന്നതിന്റെ ഭാഗമായി അങ്കമാലിയും കാലടിയും ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ 14.11.2013 ലെ ഉത്തരവ് പ്രകാരം അനുവദിച്ച സ്പെഷ്യൽ ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ പൂർത്തിയാക്കാനുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഈ കോടതികൾ ആരംഭിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(സി) ഈ കോടതികൾ എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

കുടുംബകോടതികളിൽ രജിസ്റ്റർ ചെയ്ത വിവാഹ മോചന കേസ്സുകൾ

77 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

2012 ജനുവരി 1 മുതൽ 2014 ജനുവരി 1 വരെ സംസ്ഥാനത്ത് എത്ര വിവാഹമോചന കേസ്സുകൾ കുടുംബ കോടതികളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>ടെൻപോയിന്റ് ഡവലപ്മെന്റ് അജണ്ട</u>

78 ഡോ. ടി. എം. തോമസ് ഐസക്ക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാംപിത്രോദയുടെ ടെൻപോയിന്റ് ഡവലപ്മെന്റ് അജണ്ടയുടെ ഭാഗമായ എത്ര ശുപാർശകൾ നടപ്പിലാക്കാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചിട്ടുണ്ട്;

(ബി) 24.07.2013-ലെ മന്ത്രിസഭാ യോഗ തീരുമാനമനുസരിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>സർവ്വീസ് കാര്യക്ഷമമാക്കാൻ പി.എസ്.സി പരീക്ഷ</u>

79 ശ്രീ. എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ കാര്യക്ഷമത ഉയർത്തുന്നതിന്റെ ഭാഗമായി ആശ്രിത നിയമനം, സ്പോർട്സ് ക്വാട്ട നിയമനം ഇവയ്ക്ക് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷ നിർബന്ധമാക്കുമോ;

(ബി) എല്ലാ ബൈട്രാൻസ്ഫർ നിയമനവും പി.എസ്.സി. വഴി നടത്തണമെന്ന 2004-ലെ പേറിവിഷൻ കമ്മീഷൻ ശുപാർശകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ.

(സി) പി. ആന്റ്.എ.ആർ.ഡി. വകുപ്പ് മേൽ വിഷയത്തിൽ ശുപാർശ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>ചട്ടങ്ങളുടെ ഭേദഗതി സംബന്ധിച്ച പ്രൊപ്പോസലുകൾ</u>

80 ശ്രീ.എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് വേണ്ടിയുള്ള എത്ര പ്രൊപ്പോസലുകൾ ഓരോ വകുപ്പിന്റെയും പരിഗണനയിലിരിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം ഓരോ വർഷവും ഭേദഗതി നോട്ടിഫൈ ചെയ്തവ എത്രയാണ്;

(സി) ആയതിൽ ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി ഉയർന്നുവന്ന പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ, ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് നോട്ടിഫൈ ചെയ്തവ എത്രയെന്നറിയിക്കാമോ;

(ഡി) ആയതിൽ നിയമസഭയുടെ ബന്ധപ്പെട്ട കമ്മിറ്റികളുടെ പരിഗണനയ്ക്ക് ശേഷം നോട്ടിഫൈ ചെയ്തവ എത്രയാണ്; അല്ലാത്തവ എത്രയാണെന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

ഗാഡ്ഗിൽ, കസ്തൂരി രംഗൻ കമ്മിറ്റി റിപ്പോർട്ടുകളിലെ ശുപാർശകൾ

81 ശ്രീ. എം. ഉമ്മർ
,, കെ. എം. ഷാജി
,, കെ. എൻ. എ. ഖാദർ
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട മലനിരകളുടെ സംരക്ഷണം സംബന്ധിച്ച ഗാഡ്ഗിൽ, കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടുകളിലെ ശുപാർശകൾ സംബന്ധിച്ച് നിഷ്പക്ഷമായ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) റിപ്പോർട്ടുകളിൽ കേരളത്തിന്റെ പൊതുതാല്പര്യങ്ങൾക്ക് വിരുദ്ധമായതെന്ന് വിലയിരുത്തപ്പെടുന്ന ശുപാർശകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പശ്ചിമഘട്ട മലനിരകൾക്കും കടലോരത്തിനുമിടയിൽ വീതി കുറഞ്ഞ സമതലം മാത്രമുള്ള കേരളത്തിന്റെ നിലനിൽപ്പു തന്നെ മലനിരകളുടെ കാരുണ്യത്തിലാണെന്ന വസ്തുത ഉൾക്കൊണ്ട് ഈ പ്രശ്നത്തിൽ സമവായമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>കസ്തൂരിരംഗൻ സമിതി റിപ്പോർട്ട്</u>

82 ശ്രീ. എ. കെ. ബാലൻ
,, കെ. കെ. ജയചന്ദ്രൻ
,, കെ. സുരേഷ് കുറുപ്പ്
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട സംരക്ഷണത്തിന് ഡോ. കസ്തൂരിരംഗൻ സമിതി റിപ്പോർട്ടിലെ ശുപാർശകൾ മാനദണ്ഡമാക്കി കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിജ്ഞാപനത്തിന് തീരുമാനം എടുക്കുന്നതിന് മുമ്പ് സംസ്ഥാനത്തിന്റെ അഭിപ്രായം തേടിയിട്ടുണ്ടായിരുന്നോ എന്നും അത് പരിഗണിക്കപ്പെടുകയുണ്ടായോ എന്നും അറിയിക്കുമോ ;

(സി) സംസ്ഥാനാവശ്യങ്ങൾ കേന്ദ്രത്തെ ബോദ്ധ്യപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ടോ; വിജ്ഞാപനത്തിലെ വ്യവസ്ഥകൾ നിലനില്ക്കുന്നുണ്ടോ ; പ്രസ്തുത വിജ്ഞാപനത്തിനുശേഷം ഒടുവിൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ ജനങ്ങളുടെ ആശങ്കയ്ക്കടിസ്ഥാനമായ മുഖ്യകാരണങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിരുന്നോ ; കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ കാര്യത്തിൽ പരിസ്ഥിതി മന്ത്രാലയം നടത്തിയ കണ്ണിൽ പൊടിയിടലാണിതെന്ന വിമർശനം സർക്കാർ ഉൾക്കൊള്ളുമോ ;

(ഡി) ഗാഡ്ഗിൽ റിപ്പോർട്ടും കസ്തൂരിരംഗൻ റിപ്പോർട്ടും സംസ്ഥാനത്തെ ജനവാസകേന്ദ്രങ്ങളിൽ കടുത്ത നിയന്ത്രണം ഏർപ്പെടുത്തുന്നതാണെന്ന വാദവും ജനങ്ങളുടെ ആശങ്കയും ദേശീയ ഹരിത ട്രൈബ്യൂണലിലും കേന്ദ്ര സർക്കാരിലും ശക്തമായി ഉന്നയിക്കാൻ സാധിക്കുകയുണ്ടായോ ;

(ഇ) കേരളത്തിന്റെ വാദം അംഗീകരിക്കാൻ സാധിച്ചിട്ടില്ലെങ്കിൽ അതിനുണ്ടായ കാരണം വെളിപ്പെടുത്താമോ ; ഈ പ്രശ്നത്തിൽ സംസ്ഥാന സർക്കാരിന് വീഴ്ച പറ്റിയിട്ടുണ്ടോ; എങ്കിൽ അത് തിരുത്തുന്നതിനും മലയോരങ്ങളിലെ ജനജീവതത്തെ സംരക്ഷിച്ചും അവരെ വിശ്വാ

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

സത്തിലെടുത്തുകൊണ്ടും മാത്രമേ ഗാഡ്ഗിൽ - കസ്തൂരിരംഗൻ റിപ്പോർട്ടുകൾ നടപ്പിലാക്കുകയുള്ളൂ എന്ന് ഉറപ്പ് നൽകാമോ ?

## കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>കസ്തൂരിരംഗൻ റിപ്പോർട്ട് സംബന്ധിച്ച പഠനം</u>

83 ശ്രീ.എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പിലാക്കിയാൽ കേരളത്തെ പ്രതികൂലമായി ബാധിക്കുന്നതെങ്ങനെയാണെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(ബി) കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് നയം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.01.2014–ലെ മറുപടിക്ക്

പശ്ചിമഘട്ട ഉന്നതതല സമിതി

84 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡോ.കസ്തൂരിരംഗൻ ചെയർമാനായ പശ്ചിമഘട്ട ഉന്നത തല സമിതിയെ (എച്ച്.എൽ.ഡബ്ല്യു.ജി) നിയോഗിച്ചു കൊണ്ടുളള കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ വിജ്ഞാപനം പുറപ്പെടുവിച്ചതെന്നാണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) എച്ച്.എൽ.ഡബ്ല്യൂ.ജി. യുടെ പരിഗണനാവിഷയങ്ങൾ എന്തെല്ലാമായിരുന്നു;

(സി) ഈ പരിഗണനാവിഷയങ്ങളുടെ അടിസ്ഥാനത്തിൽ കസ്തൂരിരംഗൻ സമിതി സംസ്ഥാനത്ത് ഏതെല്ലാം ദിവസങ്ങളിൽ ഏതെല്ലാം സ്ഥലങ്ങൾ സന്ദർശിക്കുകയുണ്ടായി; ഏതെല്ലാം വിഭാഗങ്ങളുടെ അഭിപ്രായ നിർദ്ദേശങ്ങൾ കേൾക്കുകയുണ്ടായി;

(ഡി) കസ്തൂരിരംഗൻ സമിതിയ്ക്ക് സർക്കാർ നൽകിയ മെമ്മോറാണ്ടത്തിന്റെ പകർപ്പു ലഭ്യമാക്കുമോ; എന്നാണ് മെമ്മോറാണ്ടം നൽകിയതെന്നും വ്യക്തമാക്കുമോ;

(ഇ) ഇതിന്റെ അടിസ്ഥാനത്തിൽ കസ്തൂരിരംഗൻ സമിതി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് എന്നാണ് റിപ്പോർട്ട് സമർപ്പിച്ചതെന്നു വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ഏതെല്ലാം തരത്തിലുളള നിയന്ത്രണ നടപടികൾ സ്വീകരിക്കണമെന്നാണ് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം സംസ്ഥാന ഗവൺമെന്റിനോടാവശ്യപ്പെട്ടതെന്നു വ്യക്തമാക്കുമോ;

(ജി) ഇതു സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അയച്ച കത്തുകളുടെയും അവയ്ക്കു സംസ്ഥാന ഗവൺമെന്റ് നൽകിയ മറുപടി കത്തുകളുടെയും പകപ്പുകൾ ലഭ്യമാക്കുമോ;

(എച്ച്) കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നവംബർ 16–ലെ വിജ്ഞാപനത്തിനുമുമ്പായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയം നിർദ്ദേശിച്ചതുപ്രകാരം സംസ്ഥാ

## കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

നത്ത് എന്തെല്ലാം ഉത്തരവുകൾ പുറത്തിറക്കിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>പശ്ചിമഘട്ടവും പരിസ്ഥിതി നയവും</u>

85 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിലെ പശ്ചിമഘട്ട മേഖല സംബന്ധിച്ച് പരിസ്ഥിതി സംരക്ഷണ മേഖലാ വികസന നിലപാട് കൈക്കൊണ്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കസ്തൂരി രംഗൻ സമിതി റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ പരിസ്ഥിതി, വനം എന്നീ വകുപ്പുകളുടേയും സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റേയും നിലപാടുകൾ കൃഷി, വ്യവസായം എന്നീ വകുപ്പുകളുടെ നിലപാടുകളിൽ നിന്നും ഭിന്നമാണോ;

(ഡി) എങ്കിൽ ഭിന്നത പ്രധാനമായും ഏതെല്ലാം കാര്യങ്ങളിലാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>പശ്ചിമഘട്ട കണികാപരീക്ഷണശാല</u>

86 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി ലോല പ്രദേശങ്ങൾ ഉൾപ്പെടുന്ന പശ്ചിമഘട്ട മലനിരകൾ തുരന്നുകൊണ്ട് കണികാപരീക്ഷണശാല നിർമ്മിക്കുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കണികാപരീക്ഷണശാലയുടെ രണ്ട് കിലോമീറ്റർ ദൂരമുള്ള ഭൂഗർഭ ഗുഹ തേനിയിൽ നിന്നാരംഭിച്ച് ഇടുക്കി ജില്ലയിലേക്ക് പ്രവേശിക്കുന്നതായി അറിയാമോ; ഇത് അണക്കെട്ടുകളെ പ്രതികൂലമായി ബാധിക്കുന്നതായുള്ള റിപ്പോർട്ടുകളെ സംബന്ധിച്ച് അന്വേഷിച്ചിട്ടുണ്ടോ;

(സി) കണികാപരീക്ഷണശാല പദ്ധതിയെക്കുറിച്ച് അറിവുള്ള കാര്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>കസ്തൂരിരംഗൻ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച വിജ്ഞാപനം</u>

87 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട ഉന്നതതല സമിതിയുടെ (കസ്തൂരി രംഗൻ സമിതി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2013 നവംബർ 16 ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പുറത്തിറക്കിയ വിജ്ഞാപനത്തിലെ ഉള്ളടക്കം എന്താണെന്നു വ്യക്തമാക്കുമോ;

(ബി) കസ്തൂരി രംഗൻ സമിതിയുടെ പരിഗണനാ വിഷയങ്ങളുടെ അന്ത:സത്ത ഉൾക്കൊണ്ടുകൊണ്ടുള്ള നിർദ്ദേശങ്ങളാണോ സമിതി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിനു സമർപ്പിച്ചതെന്നും അതിന്റെ അടിസ്ഥാനത്തിൽ തന്നെയാണോ നവംബർ 16–ലെ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതെന്നും സംസ്ഥാന ഗവൺമെന്റ് പരിശോധിക്കുകയുണ്ടായോ? ഇതു സംബന്ധിച്ചു നിയമോപദേശം തേടിയിട്ടുണ്ടോയെന്നും എങ്കിൽ ലഭിച്ച നിയമോപദേശം എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ;

(സി) നവംബർ 16–ലെ വിജ്ഞാപനത്തെത്തുടർന്ന് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കേണ്ടുന്ന നടപടികളെ സംബന്ധിച്ച് നിർദ്ദേശിച്ചുകൊണ്ട് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം കത്തുകൾ നൽകിയിട്ടുണ്ടോ; എങ്കിൽ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഡി) അതിനെ തുടർന്ന് സംസ്ഥാന ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവും ജനകീയ പ്രതിഷേധത്തെ തുടർന്ന് പ്രസ്തുത ഉത്തരവു റദ്ദാക്കിക്കൊണ്ടു പുറപ്പെടുവിച്ച ഉത്തരവും ലഭ്യമാക്കുമോ;

(ഇ) നവംബർ 16–ലെ വിജ്ഞാപനം നടപ്പിലാക്കിയാൽ കേരളത്തിൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തെ അറിയിച്ചുകൊണ്ടുള്ള മെമ്മോറാണ്ടം എന്നാണു നൽകിയതെന്നു വ്യക്തമാക്കുമോ; പ്രസ്തുത മെമ്മോറാണ്ടത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>പ്രൊഫ. ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ</u>

88 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പരിസ്ഥിതി മന്ത്രാലയം 2013 നവംബർ 16ന് പുറത്തിറക്കിയ ഓഫീസ് മെമ്മോറാണ്ടം കേരളത്തിൽ അതേപടി നടപ്പിലാക്കുന്നതു സംബന്ധിച്ച സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം എന്താണെന്നു വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നിയോഗിച്ച പ്രൊഫ. ഉമ്മൻ വി. ഉമ്മന്റെ നേതൃത്വത്തിലുള്ള വിദഗ്ദ്ധ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നും പ്രസ്തുത റിപ്പോർട്ടിലെ സുപ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) പരിസ്ഥിതി ലോല മേഖലകളായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 123 വില്ലേജുകൾ ഉൾപ്പെടുന്ന ജില്ലകളിലെ കളക്ടർമാർ ഇതു സംബന്ധിച്ച് റിപ്പോർട്ടുകൾ നൽകിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും പ്രൊഫ. ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിലും കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്ന തുടർ നടപടികൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

വേസ്റ്റ് മാനേജ്മെന്റ് പദ്ധതിയുമായി ബന്ധപ്പെട്ട്
കവിതാ ജി. പിള്ളയുടെ സന്ദർശനം

89 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമേരിക്കൻ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള വേസ്റ്റ് മാനേജ്മെന്റ് പദ്ധതി സംസ്ഥാനത്താകെ നടപ്പിലാക്കാൻ ക്രൈം നന്ദകുമാർ പങ്കാളിയായ ബിസിനസ് ഗ്രൂപ്പിനു വേണ്ടി മുഖ്യമന്ത്രി മുമ്പാകെ പദ്ധതിയെക്കുറിച്ച് വിവരണം നൽകിയിട്ടുണ്ടോ; എങ്കിൽ എപ്പോൾ; എവിടെ വച്ച്;

(ബി) വിവരിച്ച് നൽകിയ പദ്ധതിയിലെ നിർദ്ദേശങ്ങൾ എന്തായിരുന്നു; പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയെ വന്ന് കണ്ടത് ആരൊക്കെയായിരുന്നു; മെഡിക്കൽ തട്ടിപ്പ് കേസിൽ അറസ്റ്റിലായ കവിത ജി. പിള്ള പ്രസ്തുത സംഘത്തിലുണ്ടായിരുന്നുവോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നിർദ്ദേശത്തിനുമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നു; വിശദമാക്കാമോ;

(ഡി) പ്രസ്തുത നിർദ്ദേശവുമായി മന്ത്രിസഭയിലെ മറ്റേതെങ്കിലും അംഗത്തെ കവിത ജി. പിള്ള വന്ന് കാണുകയുണ്ടായിട്ടുണ്ടോ; എങ്കിൽ ആരെയൊക്കെ; ഏതെല്ലാം തീയതികളിൽ കാണുകയുണ്ടായി എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>കസ്തൂരിരംഗൻ റിപ്പോർട്ടിലെ ശുപാർശകൾ</u>

90 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കസ്തൂരി രംഗൻ റിപ്പോർട്ട് സംബന്ധിച്ച് പുറപ്പെടുവിച്ച വിശദീകരണ ഉത്തരവ് പിൻവലിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ;

(സി) കസ്തൂരി രംഗൻ റിപ്പോർട്ട് വന്ന ശേഷം വസ്തു കരം സ്വീകരിക്കൽ, പ്രമാണം പതിക്കൽ, പട്ടയ വിതരണം എന്നിവയ്ക്ക് ചില ഉദ്യോഗസ്ഥർ തടസ്സം സൃഷ്ടിക്കുന്നതായ പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) പരിസ്ഥിതി ലോല പ്രദേശങ്ങൾ സംബന്ധിച്ച് കസ്തൂരിരംഗൻ റിപ്പോർട്ടിലെ ശുപാർശകളിൽ ജനങ്ങൾക്കുള്ള ആശങ്ക പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>പത്തനാപുരം വില്ലേജിലെ പരിസ്ഥിതിലോല പ്രദേശങ്ങൾ</u>

91 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പത്തനാപുരം താലൂക്കിൽ ഉൾപ്പെട്ട ഏതെല്ലാം വില്ലേജുകളാണ് പരിസ്ഥിതി ലോല മേഖലയായി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രദേശങ്ങളിൽ എന്തെല്ലാം നിയന്ത്രണങ്ങൾ ആണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഇത് സംബന്ധിച്ച ആശങ്കകൾ പരിഹരിക്കുവാൻ പഞ്ചായത്ത് തലം മുതലുള്ള ജനപ്രതിനിധികളുമായി ചർച്ചയ്ക്കുള്ള സാഹചര്യം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

വനം വകുപ്പ് ഓഫീസുകൾക്കു നേരെയുണ്ടായ ആക്രമണം

92 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുന്നതിനെതിരെ നടന്ന പ്രക്ഷോഭങ്ങളിൽ എത്ര വനം വകുപ്പ് ഓഫീസുകൾക്ക് നേരെയാണ് ആക്രമണങ്ങൾ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വനം വകുപ്പ് ഓഫീസുകൾക്കുനേരെ നടന്ന ആക്രമണങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എവിടെയൊക്കെയാണ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) വനം വകുപ്പ് ഓഫീസുകൾക്കുനേരെ നടന്ന ആക്രമണങ്ങളിൽ ഓഫീസുകളിൽ സൂക്ഷിച്ചിരുന്ന രേഖകൾ നശിപ്പിക്കപ്പെട്ടതായ റിപ്പോർട്ടുകളുടെ നിജസ്ഥിതി വ്യക്തമാക്കുമോ;

(ഡി) വനം വകുപ്പ് ഓഫീസുകൾക്കുനേരെ നടന്ന ആക്രമണങ്ങളുമായി ബന്ധപ്പെട്ട് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) വനം വകുപ്പ് ഓഫീസുകൾക്കുനേരെ നടന്ന ആക്രമണങ്ങൾ കാരണമുണ്ടായ സാമ്പത്തിക നഷ്ടം എത്രയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 06.01.2014–ലെ മറുപടിക്ക്

## പരിസ്ഥിതിലോല പ്രദേശങ്ങൾ നിർണ്ണയിക്കാൻ നടപടി

93 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട സംരക്ഷണ പരിധിയിൽ ഉൾപ്പെടുന്ന വില്ലേജുകളിലെ പരിസ്ഥിതി ലോല പ്രദേശങ്ങളെ കൃത്യമായി വേർതിരിക്കുന്നതിന് കേന്ദ്ര സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി സംസ്ഥാന സർക്കാർ ആവശ്യപ്പെടുകയുണ്ടായോയെന്നും എങ്കിൽ എപ്പോഴാണെന്നും അറിയിക്കുമോ;

(ബി) ഇതിനായി കേന്ദ്രഗവൺമെന്റിന് അയച്ച കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുന്ന വേളയിൽ ഇത്തരമൊരു ആവശ്യം ഉന്നയിച്ചിട്ടുണ്ടായിരുന്നുവോ; എങ്കിൽ അത് അവഗണിക്കുന്നതിന് കമ്മീഷൻ കണ്ടെത്തിയ നിഗമനം എന്തായിരുന്നു എന്നറിയാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>കസ്തൂരിരംഗൻ റിപ്പോർട്ടിൻമേലുള്ള ആശങ്ക</u>

94 ശ്രീ. കെ. എൻ. എ. ഖാദർ
'' കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കസ്തൂരിരംഗൻ റിപ്പോർട്ട് ഏതൊക്കെ മേഖലകളിൽ നടപ്പാക്കാനാണ് ശുപാർശ നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) റവന്യൂ വകുപ്പു മുഖേന പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനായി എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>കസ്തൂരിരംഗൻ റിപ്പോർട്ട് പഠിക്കുന്നതിന് വിദഗ്ധ സമിതി</u>

95 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കസ്തൂരിരംഗൻ റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട് ഏതെങ്കിലും രീതിയിലുള്ള പഠനത്തിന് വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സമിതിയിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ ഏന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) ഈ സമിതിയുടെ ശുപാർശകൾക്ക് എത്രമാത്രം നിയമപ്രാബല്യം ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സമിതിക്ക് അനുവദിച്ചിട്ടുള്ള കാലാവധി എത്രയാണ്;

(ഇ) കർഷകരുടെ ആശങ്കകൾ പരിഹരിക്കുവാനായി രൂപീകരിച്ചിരിച്ചിട്ടുള്ള സമിതിയിൽ പരിസ്ഥിതിരംഗത്തുള്ള ഏതെങ്കിലും വ്യക്തിയെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

ഗാഡ്ഗിൽ കമ്മിറ്റി ശുപാർശകൾ

96 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രൊഫ. മാധവ് ഗാഡ്ഗിൽ ചെയർമാനായ പശ്ചിമഘട്ട ആവാസവ്യവസ്ഥാ വിദഗ്ദ്ധ സമിതിയുടെ ശുപാർശകൾ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചതാണെന്ന് അറിവുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ശുപാർശകൾ കേരളത്തിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിരുന്നുവോ ;

(സി) ഇത് സംബന്ധിച്ച് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം സംസ്ഥാന ഗവൺമെന്റിന് അയച്ച കത്തുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത കത്തുകൾക്ക് സംസ്ഥാന ഗവൺമെന്റ് നൽകിയ മറുപടി കത്തുകൾ ലഭ്യമാക്കുമോ ;

(ഇ) ഗാഡ്ഗിൽ കമ്മിറ്റിയുടെ അപ്രായോഗിക ശുപാർശകൾ തള്ളിക്കളയണമെന്ന് സംസ്ഥാന നിയമസഭ പ്രമേയം പാസ്സാക്കിയത് എന്നാണ് ; പ്രസ്തുത പ്രമേയം കേന്ദ്ര ഗവൺമെന്റിന് അയച്ചുകൊടുത്തത് എന്നാണ് ;

(എഫ്) ഇത് സംബന്ധിച്ച് നിയമസഭ പാസ്സാക്കിയ പ്രമേയം കൂടാതെ ഗാഡ്ഗിൽ കമ്മിറ്റി ശുപാർശകൾ തള്ളിക്കളയമെന്നാവശ്യപ്പെട്ട് സംസ്ഥാന ഗവൺമെന്റ് പ്രത്യേകമായ മെമ്മോറാണ്ടങ്ങൾ കേന്ദ്രഗവൺമെന്റിന് നൽകിയിട്ടുണ്ടോ ;

(ജി) എങ്കിൽ പ്രസ്തുത മെമ്മോറാണ്ടങ്ങൾ എന്നാണ് നൽകിയതെന്ന് വ്യക്തമാക്കുകയും പ്രസ്തുത മെമ്മോറാണ്ടങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കുകയും ചെയ്യുമോ ;

(എഫ്) സംസ്ഥാന നിയമസഭയുടെ പ്രമേയത്തിന്റെയും സംസ്ഥാന ഗവൺമെന്റ് സമർപ്പിച്ച മെമ്മോറാണ്ടങ്ങളുടെയും അടിസ്ഥാനത്തിൽ കേന്ദ്രപരിസ്ഥിതി മന്ത്രാലയം ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും അതിന് ഉപോൽബലകമായ തെളിവുകളുടെ പകർപ്പുകളും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>പി.എസ്.സി വഴിയുള്ള നിയമനം</u>

97 ശ്രീ. എ.എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ വഴി എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട് എന്ന് വർഷംതിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>പി. എസ്. സി. നിയമനങ്ങൾ</u>

98 ശ്രീ. സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയമന നിരോധനം നിലവിലുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം പി. എസ്. സി. വഴി എത്ര നിയമനങ്ങൾ നടന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>പുതുതായി അനുവദിച്ച തസ്തികകൾ</u>

99 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതു വരെ എത്ര പേർക്ക് പി.എസ്.സി. മുഖേന നിയമനം നൽകിയിട്ടുണ്ട്; വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര പേർക്ക് പി.എസ്. സി. മുഖേന നിയമനം നൽകിയിട്ടുണ്ട്; വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ സർവീസിൽ എത്ര തസ്തികകൾ നിർത്തലാക്കിയിട്ടുണ്ട്; എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സർക്കാർ സർവീസിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചുവെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>പി.എസ്.സി ഓൺലൈൻ അപേക്ഷയിലെ തീയതി രേഖപ്പെടുത്തിയ ഫോട്ടോ</u>

100 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള പി.എസ്.സി ഓൺലൈൻ അപേക്ഷയിലുള്ള ഫോട്ടോയിൽ ഫോട്ടോയെടുത്ത തീയതി രേഖപ്പെടുത്തിയിട്ടില്ലാത്ത കാരണത്താൽ നാളിതുവരെ നിരസിച്ചിട്ടുള്ള അപേക്ഷകളുടെ വിവരം തസ്തിക തിരിച്ച് ലഭ്യമാക്കാമോ;

(ബി) നിയമനത്തട്ടിപ്പിനെത്തുടർന്ന് ആൾമാറാട്ടം തടയാൻ വേണ്ടി പി.എസ്.സി നടപ്പിലാക്കിയ ഈ പുതിയ രീതി പ്രായോഗികമായി യാതൊരു അടിസ്ഥാനവുമില്ലാത്തതാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഫോട്ടോയെടുത്തതായി രേഖപ്പെടുത്തിയ തീയതിയുടെ കൃത്യത പൂർണ്ണമായി ബോധ്യപ്പെടുത്തുന്നതിന് നിലവിൽ യാതൊരു വിധത്തിലുള്ള ഔദ്യോഗിക ക്രമീകരണങ്ങളുമില്ലാത്തതിനാൽ ഇത്തരത്തിലുള്ള സാങ്കേതിക കാരണങ്ങൾ സൂചിപ്പിച്ച് തൊഴിൽ രഹിതരായ അപേക്ഷകരുടെ അവസരം നിഷേധിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടിയെടുക്കുമോ;

(ഡി) ഫോട്ടോപതിപ്പിച്ച തിരിച്ചറിയൽ രേഖയുടെ അസ്സൽ പരീക്ഷാ ഹാളിൽ അനുബന്ധ ഉദ്യോഗസ്ഥരെക്കാണിച്ച് ബോധ്യപ്പെടുത്തുന്നതിനാൽ ഇത്തരം വ്യവസ്ഥകൾ ഒഴിവാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>പ്രിലിമിനറി/മെയിൻ പരീക്ഷകൾ</u>

101 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ്, അദ്ധ്യാപക തസ്തികകൾ എന്നിവയിൽ നടത്തപ്പെടുന്ന തെരഞ്ഞെടുപ്പിന് പ്രിലിമിനറി/മെയിൻ പരീക്ഷകൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ് അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പി.എസ്.സി. വഴിയല്ലാതെ നിയമിതരാകുന്നവർക്ക് അതത് തസ്തികയിലെ നിയമനത്തിന് പി.എസ്.സി. നടത്തുന്ന പരീക്ഷയ്ക്ക് സമാനമായ ഒരു പരീക്ഷ ഡിപ്പാർട്ട്മെന്റൽ ടെസ്റ്റിനൊപ്പം നടപ്പിലാക്കുന്നത് പരിഗണിക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള നിയമനരീതി

102 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് പ്രിലിമിനറി, മെയിൻ എന്നിങ്ങനെ രണ്ടുഘട്ട പരീക്ഷ നടപ്പാക്കി ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് പി.എസ്.സി.യുമായി ചേർന്ന് നടപടി സ്വീകരിക്കുമോ;

(ബി) സെക്രട്ടേറിയറ്റ് അസിസ്റ്റന്റുമാർക്ക് പ്രമോഷന് റവന്യൂ/പഞ്ചായത്ത് ടെസ്റ്റുകൾ നിർബ്ബന്ധമാക്കുമോ;

(സി) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലെ എല്ലാ ബൈ-ട്രാൻസ്ഫർ നിയമനങ്ങളും, സ്പോർട്സ് ക്വോട്ട നിയമനങ്ങളും, ആശ്രിതനിയമനങ്ങളും പി.എസ്.സി.യുടെ ഒരു യോഗ്യതാപരീക്ഷയ്ക്കു വിധേയമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

ഹയർ സെക്കന്ററി വകുപ്പിൽ കോമേഴ്സ് ജൂനിയർ/സീനിയർ അദ്ധ്യാപകരുടെ ഒഴിവുകൾ

103 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി വകുപ്പിൽ കോമേഴ്സ് ജൂനിയർ/സീനിയർ അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; തരം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകളിലേയ്ക്ക് ഇന്റർവ്യൂ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇന്റർവ്യൂ നടത്തിപ്പിൽ വന്ന കാലതാമസം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഒഴിവുകളിലേയ്ക്ക് ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>ക്ലാര്‍ക്ക് തസ്തികയില്‍ നിയമനം നല്‍കുവാന്‍ നടപടി</u>

104 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ക്ലാര്‍ക്ക് തസ്തികയ്ക്ക് എസ്.എസ്.എല്‍.സി. അടിസ്ഥാന യോഗ്യതയുള്ള സമയത്ത് ആശ്രിത നിയമനം ലഭിക്കുന്നതിന് യഥാസമയം അപേക്ഷ നല്‍കിയിട്ടും നിയമനം ലഭിക്കുവാന്‍ കാലതാമസം നേരിട്ടതിനാലും നിയമനം ലഭിക്കുന്ന കാലയളവില്‍ ക്ലാര്‍ക്ക് തസ്തികയുടെ യോഗ്യത പ്ലസ്2 ആയി ഉയര്‍ത്തിയതിനാലും പ്യൂണ്‍ തസ്തികയില്‍ നിയമനം സ്വീകരിക്കേണ്ടി വന്ന അപേക്ഷകരുടെ കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കില്‍ അത്തരത്തില്‍ നിയമനം ലഭിച്ചവര്‍ എത്രപേരുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ക്ലാര്‍ക്ക് തസ്തികയ്ക്ക് അടിസ്ഥാന യോഗ്യത വീണ്ടും എസ്.എസ്.എല്‍.സി. ആക്കിയ സാഹചര്യത്തില്‍ യഥാസമയം ക്ലാര്‍ക്ക് തസ്തികയില്‍ നിയമനം ലഭിക്കുവാന്‍ അപേക്ഷിച്ചിരുന്ന ആശ്രിതര്‍ക്ക് പ്രസ്തുത തസ്തികയില്‍ തന്നെ നിയമനം നല്‍കുവാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>വിവിധ വകുപ്പുകളിലെ ഒഴിവുകൾ</u>

105 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ 2014 മാർച്ച് വരെ ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ വകുപ്പ് തലവൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ വകുപ്പിലും ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

<u>നിർത്തലാക്കിയ തസ്തികകൾ</u>

106 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം വകുപ്പുകളിൽ എത്ര തസ്തികകൾ വീതം നിർത്തലാക്കിയിട്ടുണ്ട്;

(ബി) ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുണ്ടായിരുന്ന കമ്മിറ്റിയുടെ ശുപാർശ പ്രകാരം ഏതെല്ലാം വകുപ്പുകളിലെ എത്ര തസ്തികകൾ നിറുത്തലാക്കിയിട്ടുണ്ട്; അധിക തസ്തികകളായി കണ്ടെത്തിയവ എത്രയായിരുന്നു;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ സർക്കാർ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തവർ എത്ര;

(ഡി) പുതിയ നിയമന കാര്യത്തിലും തസ്തിക സൃഷ്ടിക്കൽ കാര്യത്തിലും സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് പ്രൊമോഷന് സംവരണം</u>

107 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് പ്രൊമോഷന് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എത്ര ശതമാനം എന്നറിയിക്കുമോ ;

(ബി) ഇല്ലെങ്കിൽ ഇത്തരക്കാർക്ക് പ്രൊമോഷനുകളിൽ സംവരണം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>ഗ്രൂപ്പ് സി, ഡി, തസ്തികകളിലേക്കുള്ള പരീക്ഷകളിൽ അതാത് ജില്ലയിലെ ഉദ്യോഗാർത്ഥികൾക്ക് വെയിറ്റേജ് മാർക്ക് നൽകുന്നത്</u>

108 റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി നടത്തുന്ന ഗ്രൂപ്പ് സി, ഡി തസ്തികകളിലേക്കുള്ള പരീക്ഷകളിൽ അതാത് ജില്ലയിലെ ഉദ്യോഗാർത്ഥികൾക്ക് നൽകി വന്നിരുന്ന വെയിറ്റേജ് മാർക്ക് ഇപ്പോൾ നൽകുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത വെയിറ്റേജ് മാർക്ക് ഒഴിവാക്കിയത് ഏതെങ്കിലും കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിലാണോ; എങ്കിൽ ഒഴിവാക്കുന്നതിന് കാരണമായ വിധിക്കെതിരെ മേൽക്കോടതിയിൽ അപ്പീൽ നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അപ്പീൽ നൽകുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>സര്‍വ്വീസിലുണ്ടാകുന്ന ഒഴിവുകള്‍ യഥാസമയം പി.എസ്.സി. വഴി നികത്താന്‍ നടപടി</u>

109 ശ്രീ. ഇ. പി. ജയരാജന്‍
,, റ്റി. വി. രാജേഷ്
,, എം. ഹംസ
,, എ. പ്രദീപ്കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് നിയമന നിരോധനം ഏര്‍പ്പെടുത്തിയിട്ടുണ്ടോ ; സര്‍വ്വീസിലുണ്ടാകുന്ന ഒഴിവുകള്‍ യഥാസമയം പി.എസ്.സി. വഴി നികത്താന്‍ കഴിയുന്നുണ്ടോ; ഇല്ലെങ്കില്‍ കാരണം അറിയിക്കുമോ ; തസ്തികകള്‍ സൃഷ്ടിക്കുന്നതും നിയമനം നടത്തുന്നതും സംബന്ധിച്ച സര്‍ക്കാരിന്റെ പ്രഖ്യാപിത നിലപാടും നടപടികളും തമ്മില്‍ വൈരുദ്ധ്യം നിലനില്‍ക്കുന്നുണ്ടോ എങ്കില്‍ എന്തുകൊണ്ടാണ് എന്നറിയിക്കുമോ ;

(ബി) പി.എസ്.സി.യുടെ അഡ്വൈസ് മെമ്മോ ലഭിച്ച് മാസങ്ങള്‍ കഴിഞ്ഞിട്ടും നിയമന ഉത്തരവ് ലഭിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ ; നിയമനങ്ങള്‍ നടത്താതെ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുന്നതുകൊണ്ട് തൊഴില്‍രഹിതര്‍ക്ക് നഷ്ടമുണ്ടാകുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(സി) റിട്ടയര്‍മെന്റ് ഒഴിവുകള്‍ പി.എസ്.സി.ക്ക് റിപ്പോര്‍ട്ട് ചെയ്യുന്നതിലെ തടസ്സം നീക്കാമോ ;

(ഡി) എയിഡഡ് സ്കൂള്‍, കോളേജ് മാനേജ്മെന്റുകള്‍ക്കും മറ്റും തസ്തികകള്‍ അനുവദിക്കുമ്പോള്‍ പി.എസ്.സി. വഴി നിയമനം നടത്തുന്ന വകുപ്പുകളില്‍ പുതിയ തസ്തിക അനുവദിക്കാതിരിക്കുന്നതും നിയമനം നടത്താതിരിക്കുന്നതും എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

(ഇ) ഈ സര്‍ക്കാരിന്റെ കാലത്ത് സര്‍ക്കാര്‍-അര്‍ദ്ധസര്‍ക്കാര്‍-പൊതുമേഖലാ സ്ഥാപനങ്ങള്‍, ബോര്‍ഡുകള്‍ തുടങ്ങിയിടങ്ങളില്‍ പി.എസ്.സി വഴിയല്ലാതെ നടന്ന നിയമനങ്ങളുടെ കണക്കുകള്‍ ലഭ്യമാക്കുമോ;

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലയിലെ വിവിധ വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലേക്കുള്ള നിയമനം</u>

110 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും വിവിധ വകുപ്പുകളിൽ ലാസ്റ്റ് ഗ്രേഡ് സർവന്റ് തസ്തികയിലേക്ക് ഇതുവരെ നടന്നിട്ടുള്ള നിയമനവും നിയമന ശുപാർശയും സംബന്ധിച്ചുള്ള പൂർണ്ണ വിവരം ലഭ്യമാക്കാമോ;

(ബി) നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും റാങ്ക്ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>പിന്നോക്ക വിഭാഗക്കാരുടെ ബാക്ക്ലോഗ് നികത്തുന്നതിന്</u>
<u>പി.എസ്.സി. മുഖേന നേരിട്ടുള്ള നിയമനം</u>

111 ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗക്കാരുടെ ബാക്ക്ലോഗ് നികത്തുന്നതിന് പി.എസ്.സി മുഖേന ഏതെല്ലാം വിഭാഗങ്ങൾക്ക് നേരിട്ടുള്ള നിയമനം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 2006 ജനുവരി മുതൽ പിന്നോക്ക സമുദായ ക്കാർക്ക് അർഹമായ എത്ര തസ്തികകളാണ് നികത്താനുള്ളതെന്നും അവ ഏതെല്ലാം വകുപ്പുകളിലാണെന്നും വിശദമാക്കുമോ;

(സി) ഇത്തരത്തിൽ പിന്നോക്ക വിഭാഗങ്ങൾക്കായി മാറ്റിവെച്ച തസ്തികകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) ഇവ എന്നത്തേക്ക് നികത്തുമെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>ദിവസക്കൂലി/കരാർ വ്യവസ്ഥയിലെ നിയമനം</u>

112 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ, സർക്കാരിന്റെ ഏതെങ്കിലും ഓഫീസിലോ, സ്ഥാപനങ്ങളിലോ, പൊതുമേഖല സ്ഥാപനങ്ങളിലോ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിലോ, കോർപ്പറേഷനുകളിലോ, ബോർഡുകളിലോ, അതോറിറ്റികളിലോ, ട്രസ്റ്റുകളിലോ, കമ്പനികളിലോ ഇതുപോലുള്ള മറ്റെതെങ്കിലും സർക്കാർ സ്ഥാപനങ്ങളിലോ, എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ച് വഴിയല്ലാതെ, ഏതെങ്കിലും തസ്തികകളിൽ ദിവസക്കൂലി വ്യവസ്ഥയിലോ, കരാർ വ്യവസ്ഥയിലോ നേരിട്ട് നിയമനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ മേൽപ്പറഞ്ഞ പ്രകാരമുള്ള എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട് ; സ്ഥാപനം, തസ്തിക, നിയമിക്കപ്പെട്ടവരുടെ എണ്ണം തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലെ തുക</u>

113 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ എന്ത് തുക ബാക്കിയുണ്ടായിരുന്നു;

(ബി) ഈ സർക്കാർ വന്നതിന്ശേഷം ദുരിതാശ്വാസ നിധിയിലേയ്ക്ക് ഓരോ വർഷവും എന്ത് തുക വീതം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; അതിന്റെ സ്രോതസ്സ് ഏതാണെന്ന് വ്യക്തമാക്കുമോ;

(സി) 2011–12, 2012–13, 2013–14 വർഷങ്ങളിൽ ഓരോ വർഷവും എന്ത് തുകവീതം വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(ഡി) 2013 മാർച്ച് 31–ന് എന്ത് തുക ദുരിതാശ്വാസ നിധിയിൽ നീക്കിയിരുപ്പുണ്ടായിരുന്നു; ഇപ്പോൾ അവശേഷിക്കുന്നത് എത്ര?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - സംഭാവനകള്‍ സ്വീകരിക്കുന്നതിനും സഹായം നല്‍കുന്നതിനുമുള്ള വ്യവസ്ഥകള്‍</u>

114 ശ്രീ. സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന സ്വീകരിക്കുന്നതും, നിധിയില്‍ നിന്ന് സഹായം നല്‍കുന്നതും സംബന്ധമായ നിയമവ്യവസ്ഥകള്‍ വിശദീകരിക്കുമോ;

(ബി) നിലവിലുള്ള ഏത് നിയമത്തിന്റെ പിന്‍ബലത്തിലാണ് മുഖ്യമന്ത്രി സഹായം അനുവദിക്കുന്നതെന്ന് വിശദമാക്കാമോ; ഇത് സംബന്ധമായി വിജ്ഞാപനം ചെയ്ത ചട്ടങ്ങളുടെ പകര്‍പ്പുകള്‍ സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(സി) ദുരിതാശ്വാസ നിധിയില്‍നിന്ന് സഹായങ്ങള്‍ അനുവദിക്കുന്നത് സംബന്ധിച്ച് മാര്‍ഗ്ഗനിര്‍ദ്ദേശങ്ങള്‍ പുറപ്പെടുവിക്കുന്നത് ഏത് നിയമത്തിലെ ഏത് ചട്ടപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ; മുന്‍കാല പ്രാബല്യത്തോടെ മാര്‍ഗ്ഗനിര്‍ദ്ദേശങ്ങളില്‍ മാറ്റം വരുത്താന്‍ സര്‍ക്കാരിന് അധികാരം നല്‍കുന്ന നിയമ വ്യവസ്ഥകള്‍ വിശദമാക്കാമോ?

# കേരള നിയമസഭ
# 06.01.2014–ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിച്ച ചികിത്സാ സഹായം</u>

115 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006–2011 കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ആകെ എത്ര പേർക്ക് എത്രരൂപയുടെ ചികിത്സാസഹായം അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം എത്ര പേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും എത്ര രൂപ അനുവദിച്ചു എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡം</u>

116 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; അതനുസരിച്ച് അനുവദിക്കാവുന്ന ധനസഹായം എത്രയാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 1,00,000/-വും അതിലധികവും രൂപ സാമ്പത്തിക സഹായമായി നൽകിയ കേസുകളെത്രയെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഈ കാലയളവിൽ ഏറ്റവും കൂടുതൽ തുക നൽകിയ പത്ത് കേസുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഒരേ സ്വഭാവത്തിലുള്ള ചികിത്സാ ആവശ്യങ്ങൾക്ക് വ്യത്യസ്ഥ നിരക്കിൽ ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ അതിനിടയായ സാഹചര്യം എന്താണ്;

(ഇ) സഹായമനുവദിച്ചുകൊണ്ടുള്ള ഉത്തരവിന്റെ തീയതിയെ അടിസ്ഥാനപ്പെടുത്തി മുൻഗണനാക്രമത്തിലാണോ പണം അനുവദിച്ചുവരുന്നത്; 2013 ആഗസ്റ്റ് 31-ന് മുമ്പ് ഉത്തരവ് ലഭിച്ച ആളിനെ മറികടന്ന് അതിന്ശേഷം ജനസമ്പർക്ക പരിപാടിയിൽ പങ്കെടുത്തവർക്ക് പണം നൽകിയിട്ടുണ്ടോ;

(എഫ്) 2013 ഡിസംബർ 31-ന് മുമ്പ് ഉത്തരവായ എത്ര കേസ്സുകളിൽ ഇപ്പോഴും പണം നൽകിയിട്ടില്ലെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും സഹായം അനുവദിക്കുന്നതിനുള്ള മുൻഗണനാക്രമം

117 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും സഹായം ലഭ്യമാക്കുന്നതിനായി എം.എൽ.എ മാരുടെ ആമുഖ കത്ത് സഹിതം നൽകുന്ന അപേക്ഷകൾക്ക് റവന്യൂ വകുപ്പ് മുഖാന്തിരം സമർപ്പിച്ചുവരുന്ന അപേക്ഷകളെക്കാൾ ഏതെങ്കിലും തരത്തിലുള്ള മുൻഗണന നൽകി വരുന്നുണ്ടോ;

(ബി) ഉണ്ട് എങ്കിൽ ഏതെല്ലാം തരത്തിലുള്ള പരിഗണനയാണ് നൽകി വരുന്നത് എന്നറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുള്ള വിവരം ജില്ല തിരിച്ചും വാർഷികക്രമത്തിലും അറിയിക്കുമോ;

(ഡി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ അനുവദിച്ച സഹായത്തിന്റെ വിവരം ജില്ലാടിസ്ഥാനത്തിലും വാർഷിക ക്രമത്തിലും ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>ദുരിതാശ്വാസനിധിയിൽനിന്ന് വകമാറ്റി ചെലവഴിച്ച തുക</u>

118 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് പണം സ്വരൂപിക്കുന്നത് ഏതെല്ലാം മാർഗ്ഗങ്ങളിലൂടെയാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിൽ എന്ത് തുക സ്വരൂപിച്ചിട്ടുണ്ട്;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള സർക്കാർ വിഹിതം എത്രയാണ്; ഇതെങ്ങനെ കണക്കാക്കുന്നു എന്നറിയിക്കുമോ; കഴിഞ്ഞ മൂന്ന് വർഷത്തെ സർക്കാർ വിഹിതം എത്രയായിരുന്നു; വർഷം തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ഡി) ദുരിതാശ്വാസനിധിയിൽനിന്ന് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ എന്ത് തുകവീതം എന്തെല്ലാം ആവശ്യങ്ങൾക്ക് വകമാറ്റി ചെലവഴിക്കേണ്ടതായി വന്നിട്ടുണ്ട് എന്നറിയിക്കുമോ;

(ഇ) ജനസമ്പർക്ക പരിപാടിയിലൂടെ ദുരിതാശ്വാസം അനുവദിക്കാൻ പ്രത്യേക ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ എന്ത് തുകയെന്നറിയിക്കുമോ; ജനസമ്പർക്ക പരിപാടിയിലൂടെയല്ലാതെ സാധാരണ ഗതിയിൽ ലഭിക്കുന്ന അപേക്ഷകർക്ക് നൽകുന്നതിനായി നിധിയിൽ വകയിരുത്തപ്പെട്ട തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഘട്ടങ്ങളിൽ എന്തുതുക വീതം എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

**55 വയസ്സിന് മുമ്പ് മരണപ്പെടുന്ന വ്യക്തികളുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം നല്കുന്നതിന് നടപടി**

119 ശ്രീ. റ്റി.യു. കുരുവിള
'' മോൻസ് ജോസഫ്
'' സി.എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അൻപത്തിഅഞ്ച് വയസ്സിന് മുമ്പ് ഗൃഹനാഥനോ ഗൃഹനാഥയോ മരണപ്പെടുന്ന സാഹചര്യത്തിൽ ആശ്രിതർക്ക് അഞ്ചു ലക്ഷം രൂപ വീതം നല്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) അൻപത്തിഅഞ്ച് വയസ്സു കഴിയുന്ന എല്ലാവർക്കും രണ്ടായിരം രൂപ പെൻഷൻ ലഭിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>സാമ്പത്തിക സഹായമായി അനുവദിച്ച തുക</u>

120 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കോടി രൂപ സാമ്പത്തിക സഹായമായി അനുവദിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ; പ്രസ്തുത തുകയിൽ ജനസമ്പർക്ക പരിപാടിയിലൂടെ അനുവദിച്ചത് എത്ര കോടി രൂപയാണെന്നു അറിയിക്കാമോ ; തുക അനുവദിച്ചതു സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ ;

(ബി) ജനസമ്പർക്ക പരിപാടിയിലൂടെ ചികിത്സാ സഹായത്തിനും മറ്റ് സാമ്പത്തിക സഹായങ്ങൾക്കും വേണ്ടി ലഭിച്ച അപേക്ഷകൾ എത്രയാണെന്നും അവയ്ക്ക് അനുവദിച്ച തുകയെത്രയാണെന്നതും സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

പരിസ്ഥിതിലോല വില്ലേജുകളിലെ വനവിസ്തൃതി

121 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കസ്തൂരി രംഗൻ റിപ്പോർട്ടു പ്രകാരം പരിസ്ഥിതി ലോല (ഇ.എസ്.എ) മായി പ്രഖ്യാപിക്കുവാൻ ശുപാർശ ചെയ്തിട്ടുള്ള വില്ലേജുകൾ ഓരോന്നിലെയും വന വിസ്തൃതി എത്രയാണെന്ന് ഹെക്ടർ കണക്കിൽ വ്യക്തമാക്കുമോ; ഓരോ വില്ലേജിലെയും ജനസംഖ്യ 2011 സെൻസസ് പ്രകാരം എത്രയാണ്;

(ബി) പ്രസ്തുത വില്ലേജുകളുടെ പരിധിയിൽ വരുന്ന വനങ്ങളിൽ ഏതെല്ലാം അപൂർവ്വയിനം പക്ഷി മൃഗാദികളും വൃക്ഷലതാദികളും ഔഷധച്ചെടികളുമാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിലുള്ള അപൂർവ്വ ഇനം സസ്യജന്തുജാലങ്ങളുടെ ജീവനെ ഹനിക്കുന്നതോ അവയുടെ ആവാസ വ്യവസ്ഥയെ തകർക്കുന്നതോ ആയ വിഷയങ്ങളിൽ പ്രസ്തുത വില്ലേജുകളുടെ പരിധിയിൽ വനംവകുപ്പ് കേസുകൾ എടുത്തിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>സ്റ്റുഡന്റ്സ് അഗ്രികൾച്ചർ ഫോറസ്റ്റേഷൻ പ്രോഗ്രാം</u>

122 ശ്രീ. പി. എ. മാധവൻ
,, അൻവർ സാദത്ത്
,, ഡൊമിനിക് പ്രസന്റേഷൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിന്റെ നേതൃത്വത്തിൽ സ്റ്റുഡന്റ്സ് അഗ്രികൾച്ചർ ഫോറസ്റ്റേഷൻ പ്രോഗ്രാമിന് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സ്കൂൾ കുട്ടികൾക്ക് കൃഷിയിലും വനവത്ക്കരണത്തിലും പ്രോത്സാഹനം നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) സ്കൂളുകളിൽ ഈ പ്രോഗ്രാം ഈ അദ്ധ്യയന വർഷം മുതൽ നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

കല്പറ്റയിലെ കാട്ടാന ശല്യം

123 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ സുഗന്ധഗിരി സെക്ഷൻ തരിയോട് ഭാഗത്തെ കാട്ടാനശല്യം പരിഹരിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നിവേദനം സംബന്ധിച്ച് മറ്റ് വകുപ്പുകളിൽ ഏതെല്ലാം ഫയൽ നമ്പർ പ്രകാരം നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിവുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) തരിയോട് ഭാഗത്തെ കാട്ടാന ശല്യം പരിഹരിക്കുന്നതിന് വനം വകുപ്പിന്റെ കൽപ്പറ്റ റേഞ്ചിലെ സുഗന്ധഗിരി സെക്ഷൻ നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>പുലിനഖങ്ങൾ കടത്തിയവർക്കെതിരെ നടപടി</u>

124 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആയിരത്തോളം പുലിനഖങ്ങളുമായി ഗുരുവായൂരിൽ പിടി കൂടപ്പെട്ടവരെയും കുറ്റകൃത്യത്തിന് പിന്നിൽ പ്രവർത്തിച്ചവരെയും സംബന്ധിച്ച അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്.

(ബി) വനമേഖലയിൽനിന്നും എത്ര പുലികളെ കൊന്നൊടുക്കി ശേഖരിക്കപ്പെട്ട നഖങ്ങളാണ് കണ്ടെടുക്കപ്പെട്ടിരിക്കുന്നത്;

(സി) പിടിച്ചെടുക്കപ്പെട്ട പുലിനഖങ്ങൾ എവിടെ നിന്നെല്ലാം ശേഖരിക്കപ്പെട്ടവയാണെന്ന് വെളിവായിട്ടുണ്ടോ;

(ഡി) വന മേഖലയിൽനിന്നും കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ എത്ര പുലികൾ കൊല ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഇ) പുലിവേട്ട നടത്തിയ സംഘങ്ങളിൽപ്പെട്ട എത്ര പേരെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ടെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>വന്യജീവി ആക്രമണങ്ങളിൽ നിന്ന് സംരക്ഷണം</u>

125 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വന്യജീവി സംരക്ഷണമേഖലയോടടുത്തുള്ള പ്രദേശങ്ങളിലെ കൃഷിക്കാർക്ക് വന്യജീവി ആക്രമണങ്ങളിൽ നിന്ന് സംരക്ഷണം നൽകുന്നതിനായി 2013-14 ലെ ബഡ്ജറ്റിൽ എന്ത് തുക വകയിരുത്തിയിരുന്നെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എന്ത് തുക ഇതുവരെ ചെലവഴിച്ചു; പ്രസ്തുത തുക ഉപയോഗിച്ച് ഏതെല്ലാം പ്രദേശങ്ങളിൽ എന്തെല്ലാം പ്രവൃത്തികൾ നടത്തിയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിന്റെ നവീകരണത്തിനുള്ള കരാർ സംബന്ധിച്ച്

126 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഗെയിംസിനോടനുബന്ധിച്ചുള്ള ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിന്റെ നവീകരണത്തിനുള്ള കരാർ നല്കിയിട്ടുള്ളത് ഏതു കമ്പനിക്കാണെന്നും എത്ര തുകയുടെ കോൺട്രാക്ടാണെന്നും വ്യക്തമാക്കുമോ;

(ബി) ആയതിനായി എത്ര കമ്പനികൾ ടെന്റർ നല്കിയിട്ടുണ്ട്; ഓരോ കമ്പനിയും ക്വാട്ടുചെയ്ത നിരക്ക് എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) എത്ര തുക ഇതുവരെ നവീകരണം നടത്തുന്ന കമ്പനിക്ക് നല്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>സ്വിംഇൻ സർവൈവ് പദ്ധതി</u>

127 ശ്രീ. റ്റി. എൻ. പ്രതാപൻ
,, എം. എ. വാഹീദ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായികവകുപ്പിന്റെ നേതൃത്വത്തിൽ സ്വിംഇൻ സർവൈവ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) സ്വരക്ഷക്കായി വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>എലത്തൂർ മിനി സ്റ്റേഡിയം</u>

128 ശ്രീ.എ.കെ ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജക മണ്ഡലത്തിൽ എലത്തൂർ മിനി സ്റ്റേഡിയത്തിന് (പെരുന്തുരുത്തി) അനുവദിച്ച മൾട്ടി സ്പോർട്സ് സ്പെയ്സിന്റെ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്</u>

129 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് പ്രവർത്തിക്കുന്നുണ്ടോ; പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ബോർഡ് സാംസ്കാരിക പ്രവർത്തകർക്ക് നല്കുന്ന ആനുകൂല്യങ്ങളെക്കുറിച്ച് വ്യക്തമാക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷത്തിൽ പ്രസ്തുത ബോർഡിന്റെ പ്രവർത്തനത്തിന് സർക്കാർ എത്ര തുക വകയിരുത്തിയെന്നും എത്ര തുക വിവിധ ഇനങ്ങൾക്ക് വകമാറ്റി ചെലവാക്കിയെന്നും വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>സാംസ്കാരിക ക്ഷേമനിധി ബോർഡ് രൂപീകരണം</u>

130 ശ്രീ. പാലോട് രവി
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക ക്ഷേമനിധി ബോർഡ് രൂപവത്ക്കരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സിനിമ, ടെലിവിഷൻ ഉൾപ്പെടെ കലാരംഗത്ത് പ്രവർത്തിക്കുന്നവരുടേയും പ്രവർത്തിച്ചിരുന്നവരുടേയും ക്ഷേമത്തിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത ബോർഡിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ബോർഡിന്റെ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് എങ്ങനെയാണ് കണ്ടെത്തുന്നതെന്ന് അറിയിക്കുമോ ?